# മലയാളം

## കേരളപാഠാവലി

### ഭാഗം 2

### സ്റ്റാൻഡേർഡ് IX

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :
State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT, First Edition : 2024
Printed at : KBPS, Kakkanad, Kochi-30

© Department of General Education, Government of Kerala

പ്രിയ വിദ്യാർഥികളേ,

ഓരോ ജനസമൂഹവും അറിവിന്റെയും അനുഭവത്തിന്റെയും സഫലമായ ശില്പങ്ങൾ നിർമ്മിച്ചിരിക്കുന്നത് മാതൃഭാഷയുടെ അടിത്തറയിലാണ്. ശ്രേഷ്ഠഭാഷയായ മലയാളമാണ് നമ്മുടെ മാതൃഭാഷ എന്നത് അഭിമാനമാണ്. ചിന്തകളും വികാരങ്ങളും വിനിമയം ചെയ്തുകൊണ്ട് ഒരു ജനസമൂഹമെന്ന നിലയിൽ മുന്നേറാൻ നമുക്കാവണം. ആ മുന്നേറ്റം ശക്തവും അർഥപൂർണ്ണവുമായി മാറാൻ മാതൃഭാഷാപഠനം സഹായിക്കും. നവസാങ്കേതികവിദ്യ ഒരുക്കിയ നൂതനമായ അന്തരീക്ഷത്തിലാണ് ഇന്നത്തെ മനുഷ്യാനുഭവങ്ങൾ കടന്നുപോകുന്നത്. ഇത് നമ്മുടെ പഠനസന്ദർഭങ്ങളെയും മാറ്റിത്തീർത്തിട്ടുണ്ട്. മാറിയ കാലത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചും പുതിയ സംവേദനവഴികൾ സ്വാംശീകരിച്ചും മാതൃഭാഷാപഠനം ആഹ്ലാദകരവും അന്വേഷണാത്മകവുമാകുന്ന വിധത്തിലാണ് ഈ പാഠപുസ്തകം തയ്യാറാക്കിയിട്ടുള്ളത്. അറിവിന്റെയും സർഗാത്മകതയുടെയും സ്വതന്ത്രവിസ്തൃതമായ ആകാശം കീഴടക്കാൻ കഴിയുംവിധമുള്ള വിഭവങ്ങൾ ഈ പുസ്തകത്തിൽ ഒരുക്കിയിട്ടുണ്ട്. ഇത് നിങ്ങൾക്ക് ഏറ്റവും ഹൃദ്യമായ അനുഭവമാകട്ടെ എന്നാശംസിക്കുന്നു.

സ്നേഹത്തോടെ,

ഡോ. ജയപ്രകാശ് ആർ. കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**പ്രൊഫ. (ഡോ.) അനിൽ വള്ളത്തോൾ**
സീനിയർ പ്രൊഫസർ, മലയാളവിഭാഗം
കോഴിക്കോട് സർവകലാശാല

## ചെയർപേഴ്സൺ

**ഡോ. സാബു കോട്ടുക്കൽ**
അസോ. പ്രൊഫസർ (റിട്ട.), മലയാളവിഭാഗം
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## വിദഗ്ധർ

**ഡോ. എം. വി. പത്മനാഭൻ**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
പയ്യന്നൂർ കോളേജ്, കണ്ണൂർ

**ഡോ. സന്തോഷ്കുമാർ വള്ളിക്കാട്ട്**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
എൻ.എസ്.എസ്. കോളേജ്, മഞ്ചേരി

## അംഗങ്ങൾ

**അജേഷ് വി. വി.**
എച്ച്.എസ്.ടി., ഗവ. ടി.ടി.ഐ.
മാതമംഗലം, കണ്ണൂർ

**ദിനേശൻ പി.**
എച്ച്.എസ്.ടി., ജി.വി.എച്ച്.എസ്.എസ്.
മേപ്പയൂർ, കോഴിക്കോട്

**നിഷ ജി. കൃഷ്ണൻ**
എച്ച്.എസ്.ടി., ജി.എച്ച്.എസ്.
പള്ളിമൺ, കൊല്ലം

**ഡോ. ഷാഹിന കെ.പി.**
എച്ച്.എസ്.ടി., ജി.വി.എച്ച്.എസ്.
പയ്യോളി, കോഴിക്കോട്

**ഡോ. സന്തോഷ് കുമാർ ആർ.**
എച്ച്.എസ്.ടി., ജി.എച്ച്.എസ്.
കൊളത്തൂർ, കാസർഗോഡ്

**ഡോ. സുബൈർ കെ.**
എച്ച്.എസ്.ടി., ജെ.ഡി.റ്റി. ഇസ്ലാം എച്ച്.എസ്.എസ്.,
വെള്ളിമാട്കുന്ന്, കോഴിക്കോട്

**ഡോ. സുമി എം.കെ.**
എച്ച്.എസ്.ടി., ജി.എച്ച്.എസ്.
മന്നാംകണ്ടം, ഇടുക്കി

**ഡോ. സൂര്യനാരായണൻ എം.കെ.**
എച്ച്.എസ്.ടി., ജി.ജി.ബി.എച്ച്.എസ്.
ചാലപ്പുറം, കോഴിക്കോട്

**സോമരാജ് പി.എസ്.**
എച്ച്.എസ്.ടി., ഹൈസ്കൂൾ
പരിപ്പ്, കോട്ടയം

**സ്റ്റാലിൻ കെ.ജെ.**
എച്ച്.എസ്.ടി., ജി.വി.എച്ച്.എസ്.എസ്.
ആര്യാട്, ആലപ്പുഴ

## ചിത്രരചന

**ജീവൻലാൽ പി.എൻ., നൗഷാദലി, ജിനി ജോസ് ജെ.**
**സോമൻ കടലൂർ, സിഗ്നി ദേവരാജ്**

## അക്കാദമിക് കോഡിനേറ്റർ

**അജി ഡി. പി.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


## 4 ഉജ്ജ്വലഹൃദയസ്പന്ദങ്ങൾ 63

സ്വാതന്ത്ര്യംതന്നെ ജീവിതം ........ 64

അരുവിപ്പുറത്തുനിന്ന് ഒരു സന്ദേശം ........ 68

കാണുന്നുണ്ടനേകമക്ഷരങ്ങൾ ........ 71

## 5 വിടില്ലണ്ഞാനീരശ്മികളെ 75

തത്തക്കൂട്ട് ........ 76

ചിരിയുടെ അരങ്ങേറ്റം ........ 81

മധുരക്കിഴങ്ങിന്റെ രുചി ........ 85

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

4

# ഉജ്ജ്വലഹൃദയസ്പന്ദങ്ങൾ



ഭൂതകാലത്തിൻ പ്രഭാവതന്തുക്കളാൽ
ഭൂതിമത്താമൊരു ഭാവിയെ നെയ്ക നാം;
വാസരാന്തത്തിൻ കതിർകളിൽനിന്നല്ലി
ഭാസുരമാകുമുഷസ്സിന്റെയുദ്ഭവം?

സാഹിത്യമഞ്ജരി ഏഴാം ഭാഗം
[വള്ളത്തോൾ നാരായണമേനോൻ]

സ്വതന്ത്ര ഇന്ത്യയെക്കുറിച്ചുള്ള സ്വപ്നം വരികളിലും ചിത്രത്തിലും പ്രതിഫലിക്കുന്നതെങ്ങനെ? **ചർച്ചചെയ്യുക.**

*സ്വാതന്ത്ര്യം, അത് തിളക്കമുള്ള പ്രതീക്ഷയാണ്;*
*വിസ്തൃതമായ ആകാശമാണ്.*

# സ്വാതന്ത്ര്യംതന്നെ ജീവിതം



ഇന്ത്യാചരിത്രവും കേരളത്തിന്റെ നവോത്ഥാനമുന്നേറ്റവുമെല്ലാം ചേർത്തുവച്ച് മൂന്നു തലമുറയുടെ ജീവിതാനുഭവങ്ങൾ ആവിഷ്കരിക്കുന്ന നോവലാണ് 'നീട്ടിയെഴുത്തുകൾ.' ഇന്ത്യയുടെ സ്വാതന്ത്ര്യസമരവും ദേശീയബോധവും ചലനാത്മകമാക്കിയ സാമൂഹിക ചുറ്റുപാടുകളാണ് നോവലിലെ പ്രധാന കഥാപാത്രമായ അയിഷുവിന്റെ ബാല്യകാലത്തെ രൂപപ്പെടുത്തിയത്.

അയിഷു ഭാഗ്യവതിയായിരുന്നു. അവളുടെ കലാലയ ജീവിതം തുടങ്ങുന്നത് സ്വതന്ത്ര ഇന്ത്യയിലായിരുന്നുവല്ലോ.

പത്താംക്ലാസ് കഴിഞ്ഞ വിജയലഹരിയിലും മഹാരാജാസ് എന്ന സ്വപ്നകലാലയത്തിൽ ചേരാനർഹയായിരിക്കുന്നു എന്ന ആനന്ദലഹരിയിലും മുഴുകിയ നാളുകളിലൊന്നിലാണ് സ്വാതന്ത്ര്യദിനപ്പുലരിയും വന്നത്. അവളുടെ മനസ്സ് മുഴുവനുമൊരു പീലിവിരിച്ച മയിലായി അപ്പോൾ. ഇന്ത്യ സ്വതന്ത്രയാവുന്നു! ഞാനും സ്വതന്ത്രയാവുന്നു! എന്റെ സ്വർണ്ണച്ചിറകുകൾക്ക് എന്തുമാത്രം തിളക്കമാണ്! ഞാൻ പറന്നു കാണാൻ പോകുന്ന ലോകങ്ങൾക്കിനി എഴുന്നൂറു വർണ്ണങ്ങൾ...



'ഗേൾസിൽ' സ്വാതന്ത്ര്യദിനാഘോഷ പരിപാടികളുണ്ട്. പത്താംക്ലാസ്സു കടമ്പ ഈ വർഷം കടന്നവരെല്ലാം ക്ഷണിക്കപ്പെട്ടിരിക്കുന്നു! പത്താംക്ലാസിൽ ഡിസ്റ്റിങ്ഷൻ മാർക്ക് വാങ്ങിയ അയിഷു വിദ്യാർഥിക്കൂട്ടത്തിലെ താരമായി.

അന്നത്തെ പ്രഭാതത്തിന് അസാധാരണമായ തെളിച്ചമുണ്ടായിരുന്നു. ഇതെന്തൊരദ്ഭുതം എന്നായി അയിഷുവിന്. റമദാൻ മാസം തുടങ്ങുംമുമ്പ് വീടും പുറവും മാറാല തട്ടി വൃത്തിയാക്കി, വിളക്കുചില്ലുകൾ തുടച്ചുമിനുക്കി, കിടക്കകൾ വെയിലത്തിട്ടുണക്കി, ജനാലവിരികൾ കഴുകാനെടുത്തു കഴിയുമ്പോൾ വരുന്നൊരു പ്രകാശമുണ്ടല്ലോ. പഴയ വീടിനപ്പോൾ പുതിയൊരു പരിവേഷമുണ്ടാവും. നാടിനു മുഴുവനിപ്പോൾ അങ്ങനെയൊരു വെളിച്ചം, തെളിച്ചം!

അതെവിടുന്നു വന്നു? കഴുകി വെടിപ്പാക്കാൻ ഒരു മഴപോലും പെയ്തില്ലല്ലോ, രാത്രി! ചുറ്റുമുള്ളവരുടെ മനസ്സിലെ ആഹ്ലാദം വെളിച്ചമായി പുറത്തേക്ക് പ്രസരിച്ചതാണോ? എല്ലാവരും കുളിച്ച് വൃത്തിയുള്ള ഉടുപ്പുകൾ അണിഞ്ഞിരിക്കുന്നു. എല്ലാവരുടെ ചലനങ്ങളിലും സ്വാതന്ത്ര്യത്തിന്റെ ത്രസിപ്പ്. ഇനി വെള്ളക്കാരില്ല. അവർ താങ്ങിനിർത്തുന്ന രാജാക്കന്മാരില്ല, വെള്ളപ്പട്ടാളമില്ല. നാട്ടുസായിപ്പന്മാരുമില്ല. നമ്മൾതന്നെ നമ്മളെ ഭരിക്കും. സമത്വസുന്ദരമായ നമ്മുടെ സ്വന്തം ഭരണം. അതെങ്ങനെയാണ് എന്നൊന്നും ആർക്കുമുറപ്പില്ല. എങ്കിലും അവരുടെ സ്വപ്നങ്ങളിൽ അതുണ്ട്. അതു സംഭവിക്കാൻ പോകുന്നു എന്നുറപ്പുമുണ്ട്. പിന്നെയുമുണ്ട് ഏറെ പ്രതീക്ഷകൾ. ഇനി കൃഷിക്കാരെ പിഴിയുന്ന നികുതിയുണ്ടാവില്ല; അതു മുടങ്ങിപ്പോയാൽ വരുന്ന ജപ്തികളും. ഇനി ഹുണ്ടികപ്പിരിവുകാരില്ല, മുതലാളിമാരുടെ റൗഡിപ്പടകളില്ല. തിന്നാൻ അരിയില്ലാത്ത അവസ്ഥയില്ല. പൂഴ്ത്തിവയ്പുകാരില്ല. നമ്മുടെ കുഞ്ഞുങ്ങൾ വയറു നിറയെ ഇനി ഭക്ഷണം കഴിക്കും. നല്ല ഉടുപ്പുകളിട്ട് സ്കൂളുകളിൽ ജാതിമതവിവേചനങ്ങളില്ലാതെ പാറിനടക്കും. ബുദ്ധിയുള്ളവരൊക്കെ പഠിച്ച് ബി.എ.ക്കാരും എൽ.എൽ.ബി.ക്കാരുമൊക്കെയാകും. സർക്കാർ വകുപ്പിലെ ഉയർന്ന തസ്തികകളിലൊക്കെ ഇനി നാട്ടിലെ വിദ്യാസമ്പന്നർ മാത്രം!



"പോരാ, പോരാ, നാളിൽ നാളിൽ ദൂരദൂരമുയരട്ടെ,
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ !"

അതാ, ആ പതാകകളാണ് എവിടെ നോക്കിയാലും അവയതാ നിർഭയമായി ഇളംവെയിലിൽ ഉയരങ്ങളിൽ പാറിക്കളിക്കുന്നു! സ്കൂളിലെത്തിയതോടെ എല്ലാവർക്കും കിട്ടി നടുവിൽ ചക്രമുള്ള കൊച്ചു മൂവർണ്ണക്കൊടികൾ. അസംബ്ലിയിൽ മുതിർന്നവരായി നിന്ന് അയിഷുവും കൂട്ടുകാരും ഹെഡ്മാസ്റ്ററുടെ സ്വാതന്ത്ര്യദിനസന്ദേശം ശ്രദ്ധിച്ചു കേട്ടു. എന്താണ് സ്വാതന്ത്ര്യം എന്നതിനെപ്പറ്റി, സ്വാതന്ത്ര്യം നേടിത്തന്ന മഹാത്മാക്കളെപ്പറ്റി, പതാകയിലെ നിറങ്ങളുടെ പ്രസക്തിയെപ്പറ്റി, പുതുതലമുറയുടെ ശോഭനമായ ഭാവിയെക്കുറിച്ച് എല്ലാമടങ്ങിയ സന്ദേശം. പ്രസംഗം കഴിഞ്ഞപ്പോൾ അദ്ദേഹം കൈ മടക്കിയുയർത്തി 'ജയ്ഹിന്ദ് ' എന്നുച്ചരിച്ചപ്പോൾ അത് കുട്ടികളിൽ ആവേശത്തിന്റെ ഒരു തിരയുയർത്തി. ശേഷം, പൂക്കളുതിർത്തുകൊണ്ട് ദേശീയപതാക ആദ്യമായി സ്കൂളങ്കണത്തിലെ കൊടിമരത്തിലേക്ക് ചിറകു കുടഞ്ഞു കയറി.

പതാകയ്ക്ക് സല്യൂട്ട്! എന്തൊരഭിമാനം, എന്തൊരാഹ്ലാദനിമിഷം! പിന്നെ, ഇതുവരെ കേൾക്കാത്തൊരു ദേശഭക്തിഗാനം:

"വന്ദേമാതരം... സുജലാം സുഫലാം..."

എത്ര സുന്ദരവും സുരഭിലവുമാണ് എന്റെ നാട്! എത്ര അഭിമാനിക്കാവുന്നതാണ് സ്വതന്ത്രഭാരതത്തിലെ പൗരത്വം!

ഇനി ഘോഷയാത്രയാണ്. പല സ്കൂളുകളിൽനിന്ന് പുറപ്പെട്ട ജാഥകളെല്ലാം കൈവഴികൾപോലെ ഒന്നിച്ച് ഒരു വലിയ പുഴയായങ്ങനെ... ഭാരത്മാതാവ്ക്ക് ജയഭേരികൾ മുഴക്കി അവർ നടന്നുനീങ്ങി. വടക്കേനടയിൽ നിന്നുദ്ഭവിച്ച് ചേരമാൻ പള്ളിക്കു മുമ്പിലൂടെ, ചേരമാൻപറമ്പും കടന്ന്... കായൽക്കരയിലൂടെ പടിഞ്ഞാട്ട് പുഴയോടൊപ്പമൊഴുകി, അഴീക്കോട് കടപ്പുറത്തെത്തി, അഴീക്കോട് സ്കൂളിലെ കുഞ്ഞുകൈവഴിയെ ലയിപ്പിച്ച്, കടപ്പുറം ചുറ്റി തിരിഞ്ഞൊഴുകി. അങ്ങനെയങ്ങനെ... ദൂരം അവരറിഞ്ഞില്ല. സമയം അവരറിഞ്ഞില്ല. അവർ നിറഞ്ഞ ആവേശത്തിലായിരുന്നു: നിറഞ്ഞ പ്രതീക്ഷയിലും. അവരുടെ ഭാവി എത്ര വർണ്ണശബളം!

**നീട്ടിയെഴുത്തുകൾ**
**[ഖദീജാ മുംതാസ്]**

"ഇന്ത്യ സ്വതന്ത്രയാവുന്നു. ഞാനും സ്വതന്ത്രയാവുന്നു! എന്റെ സ്വർണ്ണച്ചിറകുകൾക്ക് എന്തുമാത്രം തിളക്കമാണ്! ഞാൻ പറന്നു കാണാൻ പോകുന്ന ലോകങ്ങൾക്കിനി എഴുന്നൂറു വർണ്ണങ്ങൾ..."

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അയിഷുവിന്റെ എന്തെല്ലാം പ്രതീക്ഷകളാണ് നോവൽഭാഗത്ത് തെളിയുന്നത്? **ചർച്ചചെയ്യുക.**

- "അവളുടെ മനസ്സ് മുഴുവനുമൊരു പീലി വിരിച്ച മയിലായി അപ്പോൾ."
- "പൂക്കളുതിർത്തുകൊണ്ട് ദേശീയപതാക ആദ്യമായി സ്കൂളങ്കണത്തിലെ കൊടിമരത്തിലേക്ക് ചിറകു കുടഞ്ഞു കയറി."

ഇത്തരം വാക്യങ്ങൾ സന്ദർഭത്തെ ഭാവസാന്ദ്രമാക്കുന്നതെങ്ങനെ? **ചർച്ചചെയ്യുക.** കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

"ഹെഡ്മാസ്റ്ററുടെ സ്വാതന്ത്ര്യദിനസന്ദേശം ശ്രദ്ധിച്ചുകേട്ടു. എന്താണ് സ്വാതന്ത്ര്യം എന്നതിനെപ്പറ്റി, സ്വാതന്ത്ര്യം നേടിത്തന്ന മഹാത്മാക്കളെപ്പറ്റി, പതാകയിലെ നിറങ്ങളുടെ പ്രസക്തിയെപ്പറ്റി, പുതുതലമുറയുടെ ശോഭനമായ ഭാവിയെക്കുറിച്ച് എല്ലാമടങ്ങിയ സന്ദേശം."

**നീട്ടിയെഴുത്തുകൾ [ഖദീജാ മുംതാസ്]**

- "അർധരാത്രിയുടെ മണിമുഴങ്ങുമ്പോൾ, ലോകം ഉറങ്ങിക്കിടക്കുമ്പോൾ ഇന്ത്യ, ജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണർന്നെണീക്കും. ചരിത്രത്തിൽ അത്യപൂർവമായി മാത്രം സംഭവിക്കുന്ന ഒരു നിമിഷം സമാഗതമായിരിക്കുന്നു."
- "നാം പഴയതിൽനിന്നു പുതിയതിലേക്ക് ചുവടുവയ്ക്കുമ്പോൾ, ഒരു യുഗം അവസാനിക്കുമ്പോൾ, കാലങ്ങളായി അടിച്ചമർത്തപ്പെട്ട ഒരു രാഷ്ട്രത്തിന്റെ ആത്മാവ് ശബ്ദം കണ്ടെത്തുകയാണ്."

**(1947 ആഗസ്റ്റ് 14 അർധരാത്രി ജവഹർലാൽ നെഹ്റു ഇന്ത്യയെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗത്തിൽനിന്ന്)**

നോവൽഭാഗവും നെഹ്റുവിന്റെ പ്രസംഗവും വിശകലനം ചെയ്ത് 'സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള എന്റെ സങ്കല്പം' എന്ന വിഷയത്തിൽ **പ്രഭാഷണം തയ്യാറാക്കി അവതരിപ്പിക്കുക.**

"പോരാ പോരാ നാളിൽ നാളിൽ ദൂരദൂരമുയരട്ടെ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ."

**[വള്ളത്തോൾ നാരായണമേനോൻ]**

ദേശീയപ്രസ്ഥാനത്തിന് ഊർജം പകർന്ന ഇത്തരം കവിതകൾ ധാരാളമുണ്ടല്ലോ. അവ ശേഖരിച്ച് **കവിതയരങ്ങ് സംഘടിപ്പിക്കുക.**

"നമ്മുടെ കുഞ്ഞുങ്ങൾ വയറു നിറയെ ഇനി ഭക്ഷണം കഴിക്കും. നല്ല ഉടുപ്പുകളിട്ട് സ്കൂളിൽ ജാതിമതവിവേചനങ്ങളില്ലാതെ പാറിനടക്കും."

**നീട്ടിയെഴുത്തുകൾ [ഖദീജാ മുംതാസ്]**

"നമ്മുടെ സ്വാതന്ത്ര്യസമരം വിദേശീയരായ ഭരണാധികാരികളുടെ സ്വേച്ഛാപ്രമത്തതയ്ക്ക് എതിരെ മാത്രമായിരുന്നില്ല. അത്രതന്നെയോ അതിലധികമോ നാട്ടിനകത്തുള്ള അന്ധവിശ്വാസങ്ങൾക്കും എതിരെയായിരുന്നു അത്."

**നാം ചങ്ങല പൊട്ടിച്ച കഥ - അവതാരിക**
**[എൻ. വി. കൃഷ്ണവാര്യർ]**

മുകളിൽ കൊടുത്ത സന്ദർഭങ്ങളിലെയും വർത്തമാനകാലത്തെയും സാമൂഹിക ജീവിതാവസ്ഥകൾ താരതമ്യം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

ഹൃദയവിശാലതയുടെ നിലാവുദിക്കുന്നു

# അരുവിപ്പുറത്തുനിന്ന് ഒരു സന്ദേശം

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത് "

ഭാരതീയ നവോത്ഥാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളടങ്ങിയ മഹാസന്ദേശമായിരുന്നു അത്. ഭാരതത്തെ മുന്നിൽ കണ്ടുകൊണ്ടാണ് ഗുരുദേവൻ ഈ സന്ദേശം നൽകിയതെന്ന് പിൽക്കാലത്ത് ഗുരുദേവനും സി. വി. കുഞ്ഞുരാമനും തമ്മിൽ നടന്ന സംഭാഷണത്തിൽനിന്ന് മനസ്സിലാക്കാം. ആ സംഭാഷണഭാഗം താഴെ ഉദ്ധരിക്കുന്നു;

"സ്വാമി: ദേശകാലാവസ്ഥകളാൽ നേരിടുന്ന ആവശ്യങ്ങൾ അനുസരിച്ച് ഏതെങ്കിലും ഒന്നിന് മുഖ്യത കല്പിക്കേണ്ടത് ആവശ്യമായി വരും. ഹിംസ കലശലായിരിക്കുന്ന ദേശകാലങ്ങളിൽ അഹിംസാധർമ്മത്തിനു ജഗത്ഗുരുക്കന്മാർ മറ്റു ധർമ്മങ്ങളേക്കാൾ മുഖ്യത കല്പിക്കും. ബുദ്ധന്റെ കാലത്ത് ഹിംസ കലശലായിരുന്നു. അതിനാൽ അഹിംസാധർമ്മത്തിനു ബുദ്ധൻ മുഖ്യത കല്പിച്ചു. നബിയുടെ കാലത്ത് അറേബ്യയിൽ സാഹോദര്യത്തിന് മുഖ്യത കല്പിക്കേണ്ടത് ആവശ്യമായിരുന്നിരിക്കാം. അതിനാൽ അദ്ദേഹത്തിന്റെ മതത്തിൽ സാഹോദര്യത്തിനു മുഖ്യത കാണുന്നു. ഇന്ന് ഇന്ത്യയുടെ ആവശ്യം എന്താണ്? ജാതികൾ തമ്മിലും മതങ്ങൾ തമ്മിലും ഉള്ള മത്സരത്തിൽനിന്ന് മോചനം."



ഇതാണ് ആധുനിക ഭാരതത്തെപ്പറ്റി ശ്രീനാരായണഗുരു നൽകുന്ന വിശകലനം. ഈ വിശകലനത്തിൽ എത്തിച്ചേർന്നാൽ സ്വാഭാവികമായും നൽകുന്ന സന്ദേശം ജാതിഭേദവും മതദ്വേഷവും ഉപേക്ഷിച്ച് സർവരും സാഹോദര്യത്തോടെ ജീവിക്കുക എന്നായിരിക്കും. ആ ഉപദേശമാണ് 1888-ൽ തന്നെ ശ്രീനാരായണഗുരു ഭാരതത്തിന്റെ തെക്കേ അറ്റത്തുനിന്ന് ഇന്ത്യയ്ക്ക് നൽകിയത്.

അടുത്ത വർഷം അരുവിപ്പുറത്ത് ശിവരാത്രി ആഘോഷിച്ചപ്പോൾ ഈ സന്ദേശത്തിന്റെ പ്രസക്തി വ്യക്തമായി. നടരാജഗുരു നൽകുന്ന വിവരണം താഴെ ഉദ്ധരിക്കുന്നു:

"ഗുരുവിന്റെ സന്യാസജീവിതത്തിന്റെ ആസ്ഥാനമായ ആ വിജനസ്ഥലത്ത് ചെറുപ്പക്കാരും വൃദ്ധരും കുട്ടികളും ഉൾപ്പെടെ വലിയൊരു ജനക്കൂട്ടം വന്നുചേർന്നു. ആ സ്ഥലത്തിന് ഒരു പട്ടണത്തിന്റെ പ്രതീതി. ജനക്കൂട്ടത്തിൽനിന്ന് അല്പം മാറിയകന്ന് ഗുരു ഇരുന്നു. അവിടെ നടക്കുന്ന കാര്യങ്ങളെപ്പറ്റി ആളുകളുമായി സംസാരിച്ചു മനസ്സിലാക്കി. ആനയെഴുന്നള്ളിപ്പിന്റെയും വെടിക്കെട്ടിന്റെയും അർഥശൂന്യതയെപ്പറ്റി അദ്ദേഹം പറഞ്ഞു. ഗുരു പ്രസംഗം ചെയ്തില്ല. പക്ഷേ, ചുണ്ടുകൾ കൈമാറി ഗുരുവിന്റെ അഭിപ്രായം വേഗത്തിൽ എല്ലാവരും അറിഞ്ഞു. ഒരു വിധി പ്രസ്താവിക്കാതെതന്നെ ഗുരുവിന്റെ നിർദേശം ജനങ്ങൾ നടപ്പിലാക്കി - സ്വന്തം അന്തരാത്മാവിന്റെ ശബ്ദത്തോടു പ്രതികരിക്കുന്നതുപോലെ."

"അർധരാത്രിയായപ്പോൾ ഗുരു പുറത്തു വന്നു. ഒരു യോഗം ചേരുന്നുണ്ട്. അധ്യക്ഷൻ ഗുരുതന്നെ. ജനക്കൂട്ടത്തിന്റെ തലവനായി അവിടെ ഇരുന്നപ്പോൾ അദ്ദേഹത്തിന്റെ മുഖം ആശങ്കാകുലമായി.... വെയിൽകൊണ്ട് കരുവാളിച്ച ദേഹപ്രകൃതിയോടുകൂടിയ ഒരുകൂട്ടം സ്ത്രീകളും കുട്ടികളും മറ്റുള്ളവരിൽനിന്ന് മാറിയകന്ന് ഇരുന്നിരുന്നു. അവർ പാവപ്പെട്ട കർഷകത്തൊഴിലാളികളായിരുന്നു. പകൽ മുഴുവൻ പണിയെടുത്ത്, ഉത്സവാന്തരീക്ഷത്തിൽ ആശ്വാസം കണ്ടെത്തുവാൻ വന്നവർ. ഈ പാവപ്പെട്ട തൊഴിലാളികളും അവരുടെ പൂർവികന്മാരും യുഗങ്ങളായി പണക്കാർക്കുവേണ്ടി പണിയെടുക്കുന്നവരാണ്. ആ പണക്കാർ അവരുടെ നന്മയെ കൊയ്തെടുക്കുകയും ചെയ്തു. ജാതിയുടെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ യുഗങ്ങളായി അവർ മറ്റുള്ളവരിൽനിന്ന് അകറ്റിനിർത്തപ്പെട്ടവരും യാതന അനുഭവിക്കുന്നവരുമാണ്.

ഗുരുവിന്റെ സൂക്ഷ്മദൃഷ്ടികൾ ഈ വേർതിരിഞ്ഞ് ഇരിക്കുന്ന ഗ്രൂപ്പിന്റെ നേരെ തിരിഞ്ഞു. പ്രാസംഗികരോട് അല്പനേരത്തേക്ക് പ്രസംഗം നിർത്തുവാൻ അദ്ദേഹം പറഞ്ഞു. ഇവരെ വേർതിരിച്ചിരുത്തണമോ എന്ന് ഗുരു ജനക്കൂട്ടത്തോട് ചോദിച്ചു. എന്തുകൊണ്ട് അവരും അടുത്തിരുന്ന്, അവരും മറ്റുള്ളവരും സമന്മാരാണെന്ന് തോന്നൽ ഉണ്ടാക്കിക്കൂടാ? അവരിൽനിന്ന് രണ്ടുകുട്ടികളെ ഗുരു അടുത്തേക്ക് വിളിച്ചു. ദയാപൂർവമായ ചില ചോദ്യങ്ങൾക്കുശേഷം അവരെ ഗുരുവിന്റെ രണ്ടുവശത്തുമായി ഇരുത്തി. "മറ്റുള്ളവരെപ്പോലെ ഇവരും ദൈവത്തിന്റെ മക്കളാണ്" - ഗുരു പറഞ്ഞു. ഗുരുവിന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകി. യുഗങ്ങളായി പാലിച്ചുവന്ന ആചാരത്തിൽനിന്നുള്ള വ്യതിയാനത്തിന്റെ നിശ്ശബ്ദ സന്ദേശം ജനഹൃദയങ്ങളിൽ ആഞ്ഞുപതിച്ചു. ജനക്കൂട്ടം നിശ്ശബ്ദമായി അതിനു വഴങ്ങിക്കൊടുത്തു."

ഇതുകൊണ്ടും അവസാനിച്ചില്ല. യോഗാവസാനത്തിൽ തന്റെ മഠത്തിന്റെ ചുമരിന്മേൽ കുറിച്ചിട്ട വരികൾ അവിടെക്കൂടിയിരുന്ന ഒരാളെക്കൊണ്ട് ഉറക്കെ വായിപ്പിച്ചു. ഭാരതത്തിന്റെ ഐക്യത്തിനും മനുഷ്യസാഹോദര്യത്തിനും ഗുരു നൽകിയ നിരുപമസുന്ദരമായ ആ സന്ദേശത്തിന്റെ നിശ്ശബ്ദമായ അലകൾ ജനങ്ങളെ പുതിയ ഒരു ലോകത്തിലേക്ക് ഉയർത്തി. ആ സന്ദേശത്തിന്റെ അലകൾ - കേരളത്തിന്റെ മാറ്റത്തിന്റെ ചലനങ്ങൾ - ഇന്നും വീശിക്കൊണ്ടിരിക്കുന്നു. ഈ അലകൾ ഇന്ത്യയുടെ ഇതരഭാഗങ്ങളിലേക്ക് പ്രവേശിക്കുന്ന ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്.

**ശ്രീനാരായണഗുരു**
**വിശ്വമാനവികതയുടെ പ്രവാചകൻ**
**[പി. കെ. ഗോപാലകൃഷ്ണൻ]**

"ഇവരെ വേർതിരിച്ചിരുത്തണമോ എന്ന് ഗുരു ജനക്കൂട്ടത്തോട് ചോദിച്ചു. എന്തുകൊണ്ട് അവരും അടുത്തിരുന്ന്, അവരും മറ്റുള്ളവരും സമന്മാരാണെന്ന് തോന്നൽ ഉണ്ടാക്കിക്കൂടാ?"

ഗുരുവിന്റെ വാക്കുകളിൽ തെളിയുന്ന മാനവികബോധത്തിന്റെ സവിശേഷതകൾ **വിശകലനം ചെയ്യുക.**

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത് "

[ശ്രീനാരായണഗുരു]

"എല്ലാവരും നമ്മൾ മാനുഷന്മാ-
രല്ലാതെ മാടും മരവുമല്ല;
വല്ലായ്മ പോക്കുക, ശാസ്ത്രീയമാംജാതി
ചൊല്ലാം മനുഷ്യത്വം യോഗപ്പെണ്ണെ! - ഒരു
നല്ലജാതിയതു ജ്ഞാനപ്പെണ്ണെ!"

ജാതിക്കുമ്മി
[പണ്ഡിറ്റ് കെ.പി. കറുപ്പൻ]

മുകളിൽ നൽകിയ വരികളിലെ ആശയതലം താരതമ്യം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

"അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം."

ആത്മോപദേശശതകം
[ശ്രീനാരായണഗുരു]

തന്നിരിക്കുന്ന സൂചനയും പാഠഭാഗത്തെ ആശയവും പരിഗണിച്ച് 'ഗുരുദർശനങ്ങളുടെ സാർവകാലിക പ്രസക്തി' എന്ന വിഷയത്തിൽ **ഉപന്യാസം തയ്യാറാക്കുക.**

- "മഠത്തിന്റെ ചുമരിന്മേൽ കുറിച്ചിട്ട വരികൾ അവിടെക്കൂടിയിരുന്ന ഒരാൾ ഉറക്കെ വായിച്ചു."
- "യോഗാവസാനത്തിൽ തന്റെ മഠത്തിന്റെ ചുമരിൻമേൽ കുറിച്ചിട്ട വരികൾ അവിടെക്കൂടിയിരുന്ന ഒരാളെക്കൊണ്ട് ഉറക്കെ വായിപ്പിച്ചു.

അടിവരയിട്ട പദങ്ങൾ ശ്രദ്ധിച്ചല്ലോ. അവ സന്ദർഭത്തിൽ നൽകുന്ന അർഥവ്യത്യാസം എന്താണ്? നിങ്ങളുടെ **നിരീക്ഷണങ്ങൾ സമർഥിക്കുക.**

"ഗുരുവിന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകി. യുഗങ്ങളായി പാലിച്ചുവന്ന ആചാരത്തിൽനിന്നുള്ള വ്യതിയാനത്തിന്റെ നിശ്ശബ്ദ സന്ദേശം ജനഹൃദയങ്ങളിൽ ആഞ്ഞുപതിച്ചു. ജനക്കൂട്ടം നിശ്ശബ്ദമായി അതിനു വഴങ്ങിക്കൊടുത്തു."

ശ്രീനാരായണഗുരു കേരളീയ സമൂഹത്തിൽ സൃഷ്ടിച്ച സാംസ്കാരിക നവോത്ഥാനത്തിന്റെ ഹൃദയസ്പർശിയായ ഒരു രംഗമാണല്ലോ മുകളിൽ നൽകിയിട്ടുള്ളത്. ഗുരുവിന്റെ ജീവിതത്തിലെ മറ്റു ചില പ്രധാന സംഭവങ്ങൾകൂടി ഉൾപ്പെടുത്തി **ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കുക.**

*അറിവിന്റെ അഗ്നി കരുത്തായി പ്രകാശിക്കും.*
*വെളിച്ചം നിറച്ചുവച്ച മനസ്സുകൾ ഒരുമയുടെ വഴിയൊരുക്കും.*

# കാണുന്നുണ്ടനേകമക്ഷരങ്ങൾ

തലങ്ങും വിലങ്ങും
ഈർക്കിലിവരകൾ
കൊണ്ടുനിറഞ്ഞ
വെടിപ്പായ മുറ്റം.

മുറ്റത്തിന്നതിര്
കാത്ത് മണമൂറി
പൊട്ടിച്ചിരിച്ച്
നിൽക്കുമിലഞ്ഞിമരം.

കുളിച്ചുവൃത്തിയായ്
ഇറയത്ത് വഴി-
ക്കണ്ണുമായിരിക്കുന്ന
കറുത്ത കുഞ്ഞുങ്ങൾ

മെഴുക്കെല്ലാം
വെടിഞ്ഞ് വെയിലത്ത്
ഇരുന്നുണങ്ങി മിനുങ്ങുന്ന
കഞ്ഞിക്കലവും
കറിച്ചട്ടികളും;
അരികിലായ്
ചാഞ്ഞുകിടക്കും
ചിരട്ടത്തവികളും.



കാണുന്നുണ്ടിങ്ങനെ
ഓരോരോ മാറ്റങ്ങൾ
കാണുന്നിടത്തൊക്കെ.

വേലയ്ക്കിറങ്ങിയപ്പോൾ
കണ്ടേച്ചുപോന്ന
വീടിനെയല്ല
വേലകേറിച്ചെന്നപ്പോൾ കണ്ടത്.
രാവിലെ ഇട്ടേച്ചുപോന്ന
കുഞ്ഞുങ്ങളെയല്ല
മടിശ്ശീലയിൽ
കൂലിനെല്ലുമായ്
ചെന്നപ്പോൾ കണ്ടത്.



ആരാണിങ്ങനെ
അലങ്കോലമായിക്കിടന്ന വീടിനെ
അടുക്കിപ്പെറുക്കി
വെടിപ്പുള്ളതാക്കിയത്!
ആരാണിങ്ങനെ
മണ്ണിൽപ്പുരണ്ട്
മൂക്കട്ടയൊലിപ്പിച്ച്
നിന്ന കുഞ്ഞുങ്ങളെ
പുഞ്ചിരിതൂകുന്ന
പൂവുകളാക്കിയത്!

കാണുന്നുണ്ട്
അവരുടെ കണ്ണുകളിൽ;
അനേകമക്ഷരങ്ങൾ.

**കൊതിയൻ**
**[എം. ആർ. രേണുകുമാർ]**

"കാണുന്നുണ്ടിങ്ങനെ
ഓരോരോ മാറ്റങ്ങൾ
കാണുന്നിടത്തൊക്കെ."

സാമൂഹികജീവിതത്തിലുണ്ടായ എന്തെല്ലാം മാറ്റങ്ങളാണ് കവിതാഭാഗത്ത് സൂചിപ്പിക്കുന്നത്? **വിശകലനം ചെയ്യുക.**

"മെഴുക്കെല്ലാം
വെടിഞ്ഞ് വെയിലത്ത്
ഇരുന്നുണങ്ങി മിനുങ്ങുന്ന
കഞ്ഞിക്കലവും
കറിച്ചട്ടികളും;
അരികിലായ്
ചാഞ്ഞുകിടക്കും
ചിരട്ടത്തവികളും..."

ഇത്തരത്തിലുള്ള വാങ്മയചിത്രങ്ങൾ കവിതയിൽ ഇനിയുമുണ്ടല്ലോ. അവ കണ്ടെത്തി **വരകളിലും വർണ്ണങ്ങളിലും ആവിഷ്കരിക്കുക.**

"കാണുന്നീലൊരക്ഷരവും
എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേക വംശത്തിൻ
ചരിത്രങ്ങൾ"

**എന്റെ വംശത്തെപ്പറ്റി...**
**[പൊയ്കയിൽ അപ്പച്ചൻ]**

ഈ കവിതാഭാഗത്തെ ആശയം 'കാണുന്നുണ്ടനേകമക്ഷരങ്ങൾ' എന്ന കവിതയുടെ പ്രമേയത്തെ സ്വാധീനിക്കുന്നതെങ്ങനെ? നിങ്ങളുടെ **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

"ആരാണിങ്ങനെ
അലങ്കോലമായിക്കിടന്ന വീടിനെ
അടുക്കിപ്പെറുക്കി
വെടിപ്പുള്ളതാക്കിയത്!
ആരാണിങ്ങനെ
മണ്ണിൽപ്പുരണ്ട്
മൂക്കട്ടയൊലിപ്പിച്ച്
നിന്ന കുഞ്ഞുങ്ങളെ
പുഞ്ചിരിതൂകുന്ന
പൂവുകളാക്കിയത്!"

അടുക്കിപ്പെറുക്കി വെടിപ്പാക്കൽ, കുഞ്ഞുങ്ങളെ പുഞ്ചിരി തൂകുന്ന പൂവുകളാക്കൽ തുടങ്ങിയ പ്രയോഗങ്ങൾ കേരളത്തിന്റെ നവോത്ഥാന മുന്നേറ്റങ്ങളെ സൂചിപ്പിക്കുന്നുണ്ടോ? **വിശദമാക്കുക.**




ഈ ചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്ന ചരിത്രസംഭവം ഏതാണ്? പ്രസ്തുത സംഭവം കേരളീയ നവോത്ഥാനപ്രവർത്തനങ്ങൾക്ക് കരുത്തു പകർന്നതെങ്ങനെ? **വിശകലനം ചെയ്യുക.**

കേരളത്തിൽ നടന്ന സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങൾ ശേഖരിച്ച് 'കേരളീയ നവോത്ഥാനവും സാമൂഹികനീതിയും' എന്ന വിഷയത്തിൽ **സെമിനാർ സംഘടിപ്പിക്കുക.**

# 5

# വിടില്ലഞ്ഞാനീരശ്മികളെ



## ഋതുമേഘങ്ങൾ

ഷട്ടറുകൾ തുറക്കുന്നു
ഞാൻ തെരുവിന്റെ ഓരങ്ങളിൽ
അന്തിയുറങ്ങുന്ന ആളുകളെ ഓർക്കുന്നു
കടകളുടെ ഷട്ടറുകൾ അടച്ച ശേഷം
അതിന്റെ പടിയിൽ
തലചായ്ച്ചുറങ്ങുന്നവരെ

അവരുടെ തീരാദുരിതത്തിന്
ആശ്വാസമേകാൻ ആരുണ്ട്?

ആൺനദി
[വിജയരാജമല്ലിക]

അശരണരായ സഹജീവികളെക്കുറിച്ച് കരുതലുള്ളവരാണോ നമ്മൾ എല്ലാവരും? പ്രതികരിക്കുക.



***ഞങ്ങളും നിങ്ങളുമായി
മാറിനിൽക്കാതെ
നമ്മളൊന്നാവുമ്പോഴാണ്
യാതനകളെയും വേദനകളെയും
മറികടക്കാൻ കഴിയുന്നത്.***

# തത്തക്കൂട്

എനിക്കാദ്യം പോണം, എനിക്കാദ്യം പോണം എന്നു പറഞ്ഞ് ഭാഗ്യലക്ഷ്മി ആദ്യമങ്ങ് പോയി. കുട്ടിക്കൃഷ്ണൻ ഒറ്റയ്ക്കായി. തത്തക്കൂടിന്റെ വാതിൽ തുറന്ന് അയാൾ പറഞ്ഞു:

"ഇനി നീയായിട്ടെന്തിനാ? നീയും പൊയ്ക്കോ!"

പക്ഷേ, തുറന്നുകിടക്കുന്ന വാതിലിലേക്ക് ഒന്നു നോക്കി, അതു കൂട്ടിൽത്തന്നെ മുനിഞ്ഞിരുന്നതേയുള്ളൂ. ഇതിനു മുമ്പും അയാൾ തത്തയെ തുറന്നുവിട്ടിട്ടുണ്ട്. ഒന്നല്ല, രണ്ടുവട്ടം.

അഞ്ചോ ആറോ കൊല്ലം മുമ്പാണെന്ന് തോന്നുന്നു. നട്ടുച്ചയ്ക്ക് ഉമ്മറത്തെ ചാരുകസേര യിലിരുന്ന് അയാൾ മയങ്ങുകയായിരുന്നു. മുറ്റത്തിന്റെ ഇറമ്പിൽ, അവനവനിലേക്കുതന്നെ നോക്കി നെടുവീർപ്പിട്ടു നിൽക്കുന്ന കൊന്നത്തെങ്ങിന്റെ ചോട്ടിൽ കാക്കകളുടെ കലമ്പലും ഒരു പക്ഷിക്കുഞ്ഞിന്റെ കരച്ചിലും അയാളെ കൊത്തിയുണർത്തി. എന്താ? എന്താ? എന്ന് ഉറക്കപ്പിച്ചോടെ അയാൾ ചാടിയെണീറ്റ് മുറ്റത്തേക്കിറങ്ങി. ഒരു തത്തക്കുഞ്ഞിനെ കാക്കപ്പട വളഞ്ഞ് ആക്രമിക്കുന്നതാണ് അയാൾ കണ്ടത്. അടുത്തു ചെന്നതോടെ കാക്കക്കൂട്ടം പറന്നുമാറി അടുത്ത മരക്കൊമ്പുകളിലിരുന്ന് അയാളെ ഉറക്കെയുറക്കെ ശകാരിച്ചു. തത്തക്കുഞ്ഞ് ചോരയൊലിപ്പിച്ച് കണ്ണടച്ച് കാൽവിരലുകൾ ചുരുട്ടിപ്പിടിച്ച് കിടക്കുന്നത് അയാൾ വിഷണ്ണനായി നോക്കിനിന്നു. എന്തുകൊണ്ടോ മൂത്തമകനെ ആശുപത്രിയിലെ പ്രസവമുറിയിൽനിന്ന് നേഴ്സ് പുറത്തേക്കു കൊണ്ടുവന്ന രംഗമാണ് അപ്പോഴയാൾക്ക്

ഓർമ്മ വന്നത്. അയാൾ കുനിഞ്ഞ് തത്തക്കുഞ്ഞിനെ കൈയിലെടുത്തു. അതിന്റെ നെഞ്ചു ചെറുതായി മിടിക്കുന്നതു കണ്ട് അയാൾ ആശ്വസിച്ചു. ഉമ്മറത്തേക്കു കയറുമ്പോൾ അയാൾ ഉറക്കെ വിളിച്ചു:

"ഭാഗ്യം..."

ഭാഗ്യലക്ഷ്മി കിടപ്പുമുറിയിൽ ഒന്നു മയങ്ങാനുള്ള വട്ടംകൂട്ടുകയായിരുന്നു. അതുകൊണ്ട് ചെറിയൊരീർഷ്യയോടെ "എന്താ കുട്ടീ?"എന്ന് കടുപ്പിച്ചു പുറത്തേക്കു വന്നു.

"കൊറച്ച് പഞ്ഞീം മഞ്ഞൾപ്പൊടീം കൊണ്ടാ!"എന്ന് കുട്ടിക്കൃഷ്ണൻ ഭാര്യയോടു കല്പിച്ചു. കൈയിലിരിക്കുന്ന തത്തക്കുഞ്ഞിനെ കൗതുകത്തോടെ ഒന്നു നോക്കി ഭാഗ്യലക്ഷ്മി വേഗംതന്നെ പഞ്ഞിയും മഞ്ഞൾപ്പൊടിയുമായി മടങ്ങിയെത്തി. പഞ്ഞികൊണ്ട് മുറിവുകളിലെ ചോരയൊപ്പി അയാൾ മഞ്ഞൾപ്പൊടി തൂവി. ഭാഗ്യലക്ഷ്മി അതിന്റെ കൊക്ക് പിളർത്തി ഇത്തിരി വെള്ളം ഇറ്റിച്ചുകൊടുക്കുകയും ചെയ്തു. അതിനെ ചാരുകസേരയിലാക്കി അവർ ഇരുവശത്തുമായി നിലത്തിരുന്നു. തൊട്ടിലിൽ ഉറങ്ങുന്ന മകനെ നോക്കിനിൽക്കുന്ന അച്ഛനമ്മമാരായി അവർ തങ്ങളെത്തന്നെ കണ്ടു. പുറത്തുചാടാൻ തുടങ്ങിയ ഒരു നിലവിളി അമർത്തിപ്പിടിച്ച് അവർ ഓസ്ട്രേലിയയിലും കാനഡയിലും സ്ഥിരതാമസമാക്കിയ രണ്ട് ആൺമക്കളെക്കുറിച്ച് ഓർത്തു. മക്കൾ നാട്ടിലേക്കു വന്നിട്ട് എത്ര കൊല്ലമായി എന്ന് ഒരുമിച്ചു നെടുവീർപ്പിട്ടു. പേരക്കുട്ടികളുടെ മുഖം പോലും ഉള്ളിൽ തെളിയുന്നില്ലല്ലോ എന്ന് പിന്നെയും വിങ്ങിപ്പൊട്ടി. അവരുടെ ഉൾച്ചൂടേറ്റ് തത്തക്കുഞ്ഞ് ഒന്നു ഞരങ്ങി. പിന്നെ കണ്ണുതുറന്നു.

കുട്ടിക്കൃഷ്ണൻ ഭാര്യയോടു പറഞ്ഞു:

"ഇനി അതു ചത്തുപോവൂല്ലാന്ന് തോന്നണു."

അയാൾ എഴുന്നേറ്റ് തട്ടിൻമുകളിൽനിന്ന് പഴകിയ ഒരു കമ്പിക്കൂട് എടുത്തുകൊണ്ടു വന്നു. കുട്ടികൾ പണ്ട് അതിൽ ഒരു മൈനയെ വളർത്തിയിരുന്നു. അതു ചത്തുപോയപ്പോൾ ഒരു അണ്ണാനെ. അതും ചത്തുപോയപ്പോൾ കൂട് തട്ടിൻമുകളിൽ കയറ്റിയതാണ്. കുറച്ചു പഞ്ഞി ഒരു തോർത്തിൽ പരത്തിപ്പൊതിഞ്ഞു കിടക്കപോലെയാക്കി ഭാഗ്യം കൂട്ടിൽ വച്ചു. കുട്ടിക്കൃഷ്ണൻ തത്തക്കുഞ്ഞിനെ അതിൽ എടുത്തുകിടത്തി. കൂട് ഉമ്മറത്തു തൂക്കുമ്പോൾ അയാൾ ഭാഗ്യലക്ഷ്മിയോടു പറഞ്ഞു:

"ചെലപ്പോ അതിന്റെ തന്തേം തള്ളേം അന്വേഷിച്ചു വരുമായിരിക്കും. എന്നാപ്പിന്നെ പറന്നുപോകാറാകുമ്പോ കൂടു തുറന്ന് അവരുടെ കൂടെ വിടാലോ."

പക്ഷേ, വൈകുന്നേരംവരെ ആരും അതിനെ അന്വേഷിച്ചുവന്നില്ല. സന്ധ്യയ്ക്ക് ഉമ്മറത്തു വിളക്കുവച്ച് ഭാഗ്യലക്ഷ്മി കൂടു തുറന്ന് തത്തക്കുഞ്ഞിനെ പുറത്തെടുത്തു. ചുണ്ടുകളിൽ രണ്ടുമൂന്നു തുള്ളി പഴച്ചാർ ഇറ്റിച്ച് തിരികെ വയ്ക്കുകയും ചെയ്തു.

കുട്ടിക്കൃഷ്ണൻ വിചാരിച്ചതുപോലെതന്നെ അതു ചാവാതെ രക്ഷപ്പെട്ടു. ആരോഗ്യം വീണ്ടെടുത്തു എന്നു തോന്നിയപ്പോൾ കൂടു തുറന്ന് അയാൾ പറഞ്ഞു.

"ഇനി പൊയ്ക്കോ!"

പക്ഷേ, തത്തക്കുഞ്ഞ് ഒന്നും മനസ്സിലാവാത്തതുപോലെ അയാളുടെ നേർക്കു മിഴിച്ചുനോക്കി. നിങ്ങൾ എന്നെ ഉപേക്ഷിക്കുകയാണോ എന്നൊരു ദീനഭാവം അതിന്റെ കണ്ണുകളിൽ തെളിയുന്നത് അയാൾ അമ്പരപ്പോടെ കണ്ടു. എന്നാലും കൂട് അടയ്ക്കാതെതന്നെ അയാൾ അവിടെയൊക്കെ 'ഞാനൊന്നുമറിഞ്ഞില്ലേ' എന്ന മട്ടിൽ ചുറ്റിപ്പറ്റി നിന്നു. "അതിന്റെ ചിറകിനു വേണ്ടത്ര നീളോം ബലോം ഇല്ലാരിക്കും കുട്ടീ" എന്ന് ഭാഗ്യലക്ഷ്മി അയാളെ ആശ്വസിപ്പിച്ചു. പേരക്കുട്ടികൾക്ക് കരുതിവച്ച വാത്സല്യം മുഴുവൻ അവരിരുവരും



തത്തക്കുഞ്ഞിൽ ചൊരിഞ്ഞു. വിശാലവും മനോഹരവുമായ ഒരു കൂട്ടിലേക്കു മാറ്റിപ്പാർപ്പിച്ചതിന്റെ പിറ്റേന്ന് തത്ത അയാളെ വിളിച്ചു.

"കുട്ടീ!"

അയാൾക്ക് അദ്ഭുതവും ആഹ്ലാദവും തോന്നി. എന്നാലും "മനുഷ്യേരുടെ ഭാഷ സംസാരിച്ചുതുടങ്ങിയാൽ പിന്നെ ഇതിനെ മറ്റു തത്തകൾ കൂട്ടത്തീക്കൂട്ടീന്നു വരില്ല. അതോണ്ട് എത്രേം വേഗം തുറന്നു വിട്ടേക്കാം" എന്നു പറഞ്ഞ് അയാൾ രണ്ടാമതും കൂടിന്റെ വാതിൽ തുറന്നുവച്ചു. അപ്പോഴും അതിന്റെ കണ്ണുകളിൽ ആ പഴയ ഭാവം തെളിയുന്നതു കണ്ട് അയാൾ ചിന്താക്കുഴപ്പത്തിലായി. അന്നേരം ഭാഗ്യലക്ഷ്മി ചിരിച്ചു.

"തത്തമ്മപ്പെണ്ണിനു കുട്ട്യേ വിട്ടുപോവാൻ തോന്നണുണ്ടാവില്ല!"

അപ്പോൾ തത്ത ഒന്നമർത്തി മൂളി നീട്ടിവിളിച്ചു.

"പാക്യം!"

ഭാഗ്യം ഒരുനിമിഷം വായ്പൊളിച്ചു നിന്നു. പിന്നെ താടിക്കു കൈകൊടുത്ത് ആലോചനയിലാണ്ടു. ഒടുവിൽ പാതി കളിയായി തത്തയോടു പറഞ്ഞു.

"നീയ് നാവു വടിക്കാത്തോണ്ടാ പാക്യം എന്നു വിളിക്കുന്നത്. നാളെത്തൊട്ട് കരിമ്പനയോല തരണ്ട്."

കരിമ്പനയോല കൊക്കുകൊണ്ടു ചീന്തിത്തള്ളി തത്തഭാഷ തെളിഞ്ഞു. എങ്കിലും പാക്യം എന്ന വിളിക്ക് മാറ്റമൊന്നും ഉണ്ടായില്ല. ഇടയ്ക്കൊക്കെ മിന്നൽസന്ദർശനം നടത്തുന്ന അയൽപക്കത്തെ കണ്ടൻപൂച്ചയോട് ഭാഗ്യം ദേഷ്യപ്പെട്ടു.

"പോ പൂച്ചേ! അവൾ ഞങ്ങടെ മോളാ! തൊട്ടുപോകരുത്!"

കുട്ടിക്കൃഷ്ണനും പൂച്ചയെ ഓടിച്ചു.

"കടന്നു പൊയ്ക്കോ! അവൻ ഞങ്ങടെ മോനാ!"

ഇതൊക്കെ കണ്ടും കേട്ടും തത്തക്കൂടിനു കുറുകേ വച്ച ഇല്ലിക്കമ്പിലിരുന്ന് കിക്കിക്കി എന്നു ചിരിച്ചുമറിഞ്ഞു. ചിലപ്പോഴൊക്കെ ഒരുപടികൂടിക്കടന്ന് അവരെ കളിയാക്കാനും തുടങ്ങി.

"പാക്യം! ദേ, കണ്ടമ്പൂച്ച വന്നൂട്ടോ!" എന്ന വിളി കേട്ട് അടുപ്പത്ത് എന്തോ ഇളക്കിക്കൊണ്ടിരുന്ന ഭാഗ്യം തവിയോടെ

രംഗപ്രവേശം ചെയ്തപ്പോൾ തത്ത പൂഹോയ്! എന്ന് ആർത്തുവിളിച്ചു. തവിക്കണ ഓങ്ങി ഭാഗ്യം കയർത്തു.

“പുലി വന്നേ! പുലി വന്നേ! എന്നു കൂവിവിളിച്ച ഒരുത്തന്റെ കഥ കേട്ടിട്ടൊണ്ടോ നീയ്?”

“ഇല്ലല്ലോ! ഇല്ലല്ലോ!” എന്നു തത്ത കൊഞ്ഞനംകുത്തി.

“ഇപ്പൊ തീരേ നേരമില്ല. ഒരു ദിവസം പറഞ്ഞുതരണ്ട് ”എന്നു ദേഷ്യം അഭിനയിച്ച് ഭാഗ്യം അടുക്കളയിലേക്കുതന്നെ മടങ്ങി.

“കുട്ടീ! കുട്ടീ! വിരുന്നുകാര് പടികടന്നു വരണണ്ട് കേട്ടോ!”എന്നു തത്ത വിളിച്ചു പറഞ്ഞതു കേട്ട് ആരപ്പാ എന്നു ചോദിച്ച് കുട്ടിക്കൃഷ്ണൻ ഉമ്മറത്തെത്തിയപ്പോഴും തത്ത പൂഹോയ്! എന്ന് ആർത്തുവിളിച്ചു. ആയിടയ്ക്ക് ഒരുദിവസം ഭാഗ്യം പറഞ്ഞു.

“നിനക്കിപ്പോ കുറുമ്പ് ഇത്തിരി കൂടണണ്ട്. ഒരു നല്ല തത്തച്ചെറുക്കനെ കിട്ടീട്ട് വേണം കെട്ടിച്ചുവിടാൻ.”

ഇല്ലിക്കമ്പിൽ കാൽവിരലുകൊണ്ട് ഇറുക്കിപ്പിടിച്ച് സർക്കസിലെ ബാർ അഭ്യാസിയെപ്പോലെ ഒരു ഉടൽപ്പച്ചവട്ടം വരച്ച് തത്ത തറുതല പറഞ്ഞു:

“അപ്പൊ കുറുമ്പ് സഹിക്കാൻ വയ്യാഞ്ഞിട്ടാല്ലേ പാക്യത്തിനെ കെട്ടിച്ചുവിട്ടത്?”

അതു കേട്ട് കുട്ടിക്കൃഷ്ണൻ പൊട്ടിച്ചിരിച്ചു. അമർത്തിയ ഒരു ചിരിയോടെ ഞാൻ തോറ്റേ! എന്ന മട്ടിൽ ഭാഗ്യം അകത്തേക്കു പോവുകയും ചെയ്തു. അപ്പോൾ കുട്ടിക്കൃഷ്ണൻ കൂടിനടുത്തു വന്ന് ഒരു രഹസ്യം പറഞ്ഞു:

“നീയ് ഒന്നാന്തരം ഒരു തത്തപ്പെണ്ണിനെ വിളിച്ച് കൂട്ടീക്കേറ്റ്! കല്യാണം നമുക്കു കെങ്കേമമായിട്ടു നടത്താംന്നേ!”

ചിറക് മെല്ലെ കോതിയൊതുക്കി തത്ത ഒരു തത്വം വിളമ്പി:

“ഓരോരുത്തർക്ക് ഓരോന്ന് പറഞ്ഞിട്ടുണ്ട് കുട്ടീ!”

കുട്ടിക്കൃഷ്ണൻ ഒരാലോചനാഭാവത്തോടെ ചാരുകസേരയിലേക്കു മടങ്ങി.

അങ്ങനെ ദിവസങ്ങൾ പലനിറം പകർന്നു കടന്നുപോകുന്നത് കുട്ടിക്കൃഷ്ണനും ഭാഗ്യലക്ഷ്മിയും അറിഞ്ഞതുതന്നെയില്ല. മക്കളെയും പേരക്കുട്ടികളെയും ഓർത്ത് ഇടയ്ക്കെങ്ങാനും ഭാഗ്യത്തിന്റെ കണ്ണു നിറയുന്നതു കണ്ടാൽ തത്ത വിളി തുടങ്ങും.

“പാക്യം! പാക്യം! എനിക്കു വിശക്കുന്നു.”

കണ്ണ് നേര്യതിന്റെ തുമ്പുകൊണ്ടൊപ്പി പുഞ്ചിരിയോടെ ഭാഗ്യം ഊണുമുറിയിലെ മേശപ്പുറത്തുനിന്ന് ഒരു പഴമെടുത്ത് കൂടിന്റെ വാതിൽ തുറന്ന് അകത്തേക്കു തള്ളും. “നീ പച്ചത്തത്തയല്ല, പച്ചക്കള്ളിയാണട്ടോ” എന്നു കൊഞ്ചിക്കുകയും ചെയ്യും. കുട്ടിക്കൃഷ്ണൻ ചാരുകസേരയിൽ കിടന്ന് ഓർമ്മകളിൽ മുഴുകി നിശ്ശബ്ദനാകുമ്പോഴും തത്ത വിളിക്കും.

“പാക്യം! വേഗം വാ! കുട്ടി എന്തോ ഓർത്ത് വെഷമിക്കണൊണ്ട്!”

അങ്ങനെയുള്ള തത്തയെയാണ് കുട്ടിക്കൃഷ്ണൻ ഇപ്പോൾ ഉപേക്ഷിക്കാൻ തയ്യാറായത്. നാല്പത്തിയൊന്നുകൊല്ലം കൂടെ ജീവിച്ച ഭാര്യ നെഞ്ചത്ത് വലംകൈ അമർത്തി നിന്നനിൽപ്പിൽ വീണുമരിച്ചപ്പോൾ അയാൾക്കും ഈ ലോകം വേണ്ടെന്നായി.

കണ്ണീർ നിറഞ്ഞ് കാഴ്ച മങ്ങിയതു കൊണ്ട് തത്ത കൂട്ടിൽനിന്നിറങ്ങുന്നത് അയാൾക്കു കാണാൻ കഴിഞ്ഞില്ല. അതു നിശ്ശബ്ദം അയാളുടെ തോളിൽ വന്നിരുന്നു. മുഖത്തെ നരച്ച രോമക്കാടുകളെ നനച്ച് കണ്ണീർത്തുള്ളികൾ മെല്ലെ താഴേക്കൊഴുകുന്നത് കനിവോടെ നോക്കി. പിന്നെ, ചുണ്ടുകൊണ്ട് രോമക്കാടുകളിൽ മെല്ലെ ചികഞ്ഞ് ആശ്വസിപ്പിച്ചു.

“കുട്ടീ! കരയല്ലേ... കരയല്ലേ...”

**പ്രണയം അഞ്ചടി ഏഴിഞ്ച്**
**[ഗ്രേസി]**

"അങ്ങനെ ദിവസങ്ങൾ പലനിറം പകർന്ന് കടന്നുപോകുന്നത് കുട്ടിക്കൃഷ്ണനും ഭാഗ്യലക്ഷ്മിയും അറിഞ്ഞതുതന്നെയില്ല. മക്കളെയും പേരക്കുട്ടികളെയും ഓർത്ത് ഇടയ്ക്കെങ്ങാനും ഭാഗ്യത്തിന്റെ കണ്ണു നിറയുന്നത് കണ്ടാൽ തത്ത വിളി തുടങ്ങും. "പാക്യം! പാക്യം! എനിക്ക് വിശക്കുന്നു."

'തത്തക്കൂട്ട് ' എന്ന കഥയിൽ കുട്ടിക്കൃഷ്ണന്റെയും ഭാഗ്യലക്ഷ്മിയുടെയും ജീവിതത്തെ ആഹ്ലാദഭരിതമാക്കുന്നതിൽ തത്തയുടെ സാന്നിധ്യം എത്രത്തോളം സഹായകമാണ്? **- ചർച്ചചെയ്യുക.**

"അവരുടെ ഉൾച്ചൂടേറ്റ് തത്തക്കുഞ്ഞ് ഒന്നു ഞരങ്ങി" - അവരിൽ ഉൾച്ചൂട് നിറയ്ക്കുന്ന ചിന്തകൾ എന്തെല്ലാമാണ്? കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

"ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ."

**കിളിക്കൊഞ്ചൽ**
**[വള്ളത്തോൾ നാരായണമേനോൻ]**

കൂട് ബന്ധനത്തിന്റെയും അസ്വാതന്ത്ര്യത്തിന്റെയും പ്രതീകമാവാറുണ്ട്. ഈ കഥയിലെ 'കൂട്' അത്തരം ഒരു പ്രതീകമാണോ? **വിലയിരുത്തുക.**

കുട്ടിക്കൃഷ്ണൻ, ഭാഗ്യലക്ഷ്മി, തത്ത എന്നിവർക്കിടയിലുള്ള ആത്മബന്ധം ഏറെ വികാരസാന്ദ്രമായാണ് കഥാകാരി ആവിഷ്കരിച്ചിരിക്കുന്നത്.
- കഥയിൽനിന്ന് കൂടുതൽ തെളിവുകൾ കണ്ടെത്തി മുകളിൽ നൽകിയ **നിരീക്ഷണത്തോട് പ്രതികരിക്കുക.**

പ്രിയപ്പെട്ടവർ കൂടെയില്ലാതായ ഒരാൾക്ക് തത്ത കൂട്ടാകുമോ?
'തത്തക്കൂട്ട്' എന്ന **കഥാശീർഷകത്തിന്റെ പ്രസക്തി വ്യക്തമാക്കുക.**

മാധവിക്കുട്ടിയുടെ 'അമ്മ', ഗ്രേസിയുടെ 'തത്തക്കൂട്ട്' എന്നീ കഥകളുടെ ഉള്ളടക്കം വിശകലനം ചെയ്ത് 'കഥയും ജീവിതവും' എന്ന വിഷയത്തിൽ **ഉപന്യാസം തയ്യാറാക്കുക.**

*തല ഉയർത്തി നോക്കുന്നവർക്കേ*
*മഴവില്ലു കാണാനാകൂ...*



# ചിരിയുടെ അരങ്ങേറ്റം

ഞാൻ ജനിച്ച് ഒരുവർഷത്തിനു ശേഷം എന്റെ മാതാപിതാക്കൾ തമ്മിൽ പിരിഞ്ഞു. മദ്യപാനത്തിനു പുറമേ മറ്റെന്തു കാരണമാണതിനു പിന്നിലുണ്ടായിരുന്നതെന്ന് എനിക്കറിയില്ല. അമ്മ ജീവനാംശമൊന്നും ആവശ്യപ്പെട്ടില്ല. ആഴ്ചയിൽ ഇരുപത്തിയഞ്ചു പൗണ്ട് വരുമാനമുള്ള, സ്വന്തമായി നിലനിൽപ്പുള്ള ഒരു നടിയായ അമ്മയ്ക്ക് തന്റെയും മക്കളുടെയും ജീവിതത്തെ സ്വയം നയിക്കാനുള്ള പ്രാപ്തിയുണ്ടായിരുന്നു. ദൗർഭാഗ്യം പിടികൂടിയപ്പോൾ മാത്രമാണ് അവർ സഹായധനമാവശ്യപ്പട്ടത്. അല്ലായിരുന്നുവെങ്കിൽ അവരൊരിക്കലും നിയമപരമായ നടപടികൾക്കു മുതിരുകയില്ലായിരുന്നു.

അമ്മയ്ക്കു ശബ്ദതടസ്സമനുഭവപ്പെട്ടു വന്നിരുന്നു. ശക്തിയുള്ളതായിരുന്നില്ല അമ്മയുടെ ശബ്ദം. ചെറിയ തണുപ്പുപോലും ആഴ്ചകളോളം നിലനിൽക്കുന്ന തൊണ്ടവേദനയ്ക്കു കാരണമാകുമായിരുന്നു. പക്ഷേ, അസുഖമുള്ളപ്പോഴും ജോലി തുടരാൻ നിർബന്ധിതയായതിനാൽ

തൊണ്ടയിലെ പ്രശ്നം ക്രമേണ ഗുരുതരമായി. സ്വന്തം ശബ്ദത്തെ വിശ്വസിക്കാനാകില്ലെന്നായി. പാട്ടു പാടുന്നതിനിടയ്ക്ക് പെട്ടെന്ന് ശബ്ദമിടറുകയോ അതൊരു മന്ത്രണമായി പരിണമിക്കുകയോ ചെയ്യും. അതോടെ കാഴ്ചക്കാർ ചിരിക്കുകയും കൂവാൻ തുടങ്ങുകയും ചെയ്യും. അതിനെക്കുറിച്ചുള്ള വിഷമം ആരോഗ്യത്തെ ക്ഷയിപ്പിക്കുകയും മാനസികമായ തകർച്ചയ്ക്കു കാരണമാകുകയും ചെയ്തു. അതിന്റെ ഫലമായി, അമ്മയുടെ നാടകപ്രവർത്തനങ്ങൾ കുറയുകയും ഒടുവിലത് പ്രായോഗികമായി നിലച്ചുപോകുകയും ചെയ്തു. അഞ്ചാം വയസ്സിൽ ഞാനെന്റെ അരങ്ങിലെ ആദ്യപ്രകടനം നടത്തിയത് അമ്മയുടെ ശബ്ദപ്രശ്നം കാരണമാണ്. വാടകവീട്ടിൽ തനിച്ചാക്കിപ്പോകുവാൻ താൽപര്യമില്ലാത്തതിനാൽ അമ്മയെന്നെ തിയേറ്ററിലേക്കു കൊണ്ടുവരുന്നത് പതിവായിരുന്നു. അന്ന് അൽഡർഷോട്ടിലെ കാന്റീൻ തിയേറ്ററിലായിരുന്നു അമ്മ അഭിനയിച്ചിരുന്നത്. നിലവാരം കുറഞ്ഞതും മോശവുമായ ആ തിയേറ്ററിലെ കാണികളിൽ കൂടുതലും സൈനികരായിരുന്നു. വഴക്കാളികളായിരുന്ന അവർക്ക് പരിഹസിക്കുവാനും ആക്ഷേപിക്കുവാനും ചെറിയ കാരണങ്ങൾ മാത്രം മതിയായിരുന്നു. നടീനടന്മാർക്ക് അൽഡർഷോട്ട് പ്രദർശനവാരം ഒരു ഭീകരാനുഭവകാലമായിരുന്നു.

അമ്മയുടെ ശബ്ദമിടറുകയും അതൊരു പിറുപിറുപ്പായി മാറുകയും ചെയ്തപ്പോൾ വേദിയുടെ പാർശ്വഭാഗത്തു നിൽക്കുകയായിരുന്നു ഞാൻ. കാണികൾ, ചിരിക്കാനും കളിയാക്കി പാടാനും പൂച്ചകരയാനുമൊക്കെ തുടങ്ങി. അതെല്ലാം അവ്യക്തമായിരുന്നു. എന്താണു നടക്കുന്നതെന്ന് എനിക്കു പൂർണ്ണമായും മനസ്സിലാക്കാൻ കഴിഞ്ഞില്ല. പക്ഷേ, ആ ശബ്ദങ്ങൾ കൂടിവരുകയും അമ്മയ്ക്കു വേദി വിട്ടുപോകേണ്ടിവരുകയും ചെയ്തു. പിന്നിലേക്കു വരുമ്പോൾ അമ്മ വളരെയധികം പരിഭ്രമിച്ചിരുന്നു. അമ്മയുടെ സുഹൃത്തുക്കൾക്കു മുമ്പിൽ, ഞാൻ പാടുന്നതു കണ്ടിട്ടുള്ള മാനേജർ അമ്മയുടെ സ്ഥാനത്ത് എന്നെ പാടാൻ അനുവദിക്കുന്നതിനെപ്പറ്റി എന്തോ പറഞ്ഞപ്പോൾ അമ്മ തർക്കിക്കുകയും ചെയ്തു. ആ ബഹളങ്ങൾക്കിടയ്ക്ക് അയാളെന്നെ വേദിയിലേക്ക് കൈപിടിച്ചു കൊണ്ടുപോയതും ചില വിശദീകരണങ്ങൾക്കു ശേഷം എന്നെയവിടെ തനിച്ചു വിട്ടുപോന്നതും ഞാനോർക്കുന്നു. അരങ്ങുവിളക്കുകളുടെ കണ്ണഞ്ചിപ്പിക്കുന്ന

വെളിച്ചത്തിനും കാണികളുടെ അവ്യക്തമായ മുഖങ്ങൾക്കും മുമ്പിൽ, എന്റെ താളം കണ്ടുകിട്ടുന്നതുവരെ വെറുതെ മൂളിക്കൊണ്ടിരുന്ന സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ ഞാൻ പാടാൻ തുടങ്ങി. 'ജാക്ക് ജോൺസ്' എന്നു പേരായ പ്രശസ്തമായ ഒരു ഗാനമായിരുന്നു അത്.

ഗാനം പാതിയായപ്പോൾ സ്റ്റേജിലേക്ക് പണം വന്ന് വീണുതുടങ്ങി. അതുകണ്ട് ഞാൻ ഗാനം നിർത്തി, അതെല്ലാം പെറുക്കിയെടുത്തതിനു ശേഷമേ പാടുകയുള്ളൂ എന്നു വിളിച്ചുപറയുകയും ചെയ്തു. അതേറെ ചിരിപടർത്തി. സ്റ്റേജ് മാനേജർ ഒരു തൂവാലയുമായി വന്ന് പണം പെറുക്കിയെടുക്കുവാൻ എന്നെ സഹായിച്ചു. അയാളതെല്ലാം സ്വന്തമാക്കുമെന്ന് ഞാൻ കരുതി. എന്റെ തോന്നൽ മനസ്സിലായ സദസ്സ് വീണ്ടും ആർത്തുചിരിച്ചു. പ്രത്യേകിച്ചും പണവുമായി പോകുന്ന അയാളെ ഞാൻ ആകാംക്ഷയോടെ പിന്തുടർന്ന സമയത്ത്. ആ പണമത്രയും അമ്മയുടെ കൈയിൽ ഏൽപ്പിച്ചുകഴിഞ്ഞു മാത്രമേ ഞാൻ വേദിയിലേക്കു മടങ്ങുകയും പാട്ടു തുടരുകയും ചെയ്തുള്ളൂ. തികച്ചും സ്വാഭാവികമായിട്ടായിരുന്നു ഞാനന്നു വേദിയിൽ നിന്നത്. കാണികളോടു സംസാരിക്കുകയും നൃത്തംചെയ്യുകയും അമ്മ ഐറിഷ്മാർച്ച് ഗാനം ആലപിക്കുന്നതുൾപ്പെടെ പല അനുകരണങ്ങളും അവതരിപ്പിക്കുകയും ചെയ്തു.

അതിലെ കോറസ് ആവർത്തിക്കുന്നതിനിടയിൽ, അമ്മയുടെ ശബ്ദമിടറുന്നത് എല്ലാ നിഷ്കളങ്കതയോടെയും ഞാനനുകരിച്ചു. അത് കാണികളിലുണ്ടാക്കിയ ആകർഷണം എന്നെ വിസ്മയിപ്പിക്കുകയും ചെയ്തു. ചിരിയും പ്രശംസാവചനങ്ങളും പിന്നാലെ പണവും പ്രവഹിച്ചു. പിന്നീട് വേദിയിൽ നിന്നെന്നെ കൊണ്ടുപോകുന്നതിനായി അമ്മ വന്നപ്പോൾ, ആ സാന്നിധ്യം വമ്പിച്ച കരഘോഷത്തിന് കാരണമായി. അതായിരുന്നു എന്റെ അരങ്ങേറ്റം; അമ്മയുടെ അരങ്ങൊഴിയലും.

എന്റെ ആത്മകഥ
[ചാർളി ചാപ്ലിൻ]
[വിവ. സ്മിത മീനാക്ഷി]

ചാപ്ലിന്റെ ബാല്യകാലത്തെ അരക്ഷിതാവസ്ഥയുടെ കാരണങ്ങൾ എന്തെല്ലാമായിരുന്നു? പാഠഭാഗത്തെ അടിസ്ഥാനമാക്കി **ചർച്ചചെയ്യുക.**

"അഞ്ചാം വയസ്സിൽ ഞാനെന്റെ അരങ്ങിലെ ആദ്യപ്രകടനം നടത്തിയത് അമ്മയുടെ ശബ്ദപ്രശ്നം കാരണമാണ്. "
'പ്രതിസന്ധികളുണ്ടാവുമ്പോഴാണ് പ്രതിഭ മാറ്റുരയ്ക്കപ്പെടുന്നത്.' ചാപ്ലിന്റെ ആത്മകഥാഭാഗവും പ്രസ്താവനയും അടിസ്ഥാനമാക്കി **പ്രതികരിക്കുക.**

- "എന്റെ ജീവിതത്തിൽ പല പ്രശ്നങ്ങളുമുണ്ട് എന്ന കാര്യം എന്റെ ചുണ്ടുകൾക്ക് അറിയില്ല. അവ എപ്പോഴും ചിരിച്ചുകൊണ്ടേയിരിക്കും."
- "ഒരു തമാശ കേട്ട നിങ്ങൾക്ക് വീണ്ടുംവീണ്ടും ചിരിക്കാൻ കഴിയുന്നില്ലെങ്കിൽ എന്തിനാണ് ഒരേ സങ്കടമോർത്ത് വീണ്ടുംവീണ്ടും കരയുന്നത്? ജീവിതം ആരുടെയും മുന്നിൽ തോറ്റുകൊടുക്കാവുന്നതല്ല."

[ചാർളി ചാപ്ലിൻ]

ജീവിതയാത്രയിൽ പലതരത്തിലുള്ള സങ്കടങ്ങളും വേദനകളും അനുഭവിക്കേണ്ടി വരാറുണ്ടല്ലോ. അത്തരം അനുഭവങ്ങൾ മറികടക്കാനുള്ള കരുത്തേകാൻ ചാർളി ചാപ്ലിന്റെ ജീവിതവും വാക്കുകളും പ്രചോദനമാകുന്നുണ്ടോ? നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ **കുറിപ്പ് തയ്യാറാക്കുക.**

ചാപ്ലിൻ ആത്മകഥാഭാഗത്ത് അവതരിപ്പിക്കുന്ന ഹൃദയസ്പർശിയായ ജീവിതമുഹൂർത്തങ്ങൾ അടിസ്ഥാനമാക്കി **റോൾ പ്ലേ അവതരിപ്പിക്കുക.**

ജീവിതാനുഭവങ്ങളും അക്കാലത്തെ സാമൂഹികാവസ്ഥകളും ചാപ്ലിന്റെ സിനിമകളെ സ്വാധീനിച്ചിട്ടുണ്ടോ? ദി കിഡ്, മോഡേൺ ടൈംസ് എന്നീ സിനിമകൾ കണ്ട് **നിരൂപണം തയ്യാറാക്കുക.**

സംവിധായകൻ, തിരക്കഥാകൃത്ത്, അഭിനേതാവ്, ഗായകൻ, സംഗീതസംവിധായകൻ തുടങ്ങി സിനിമയുടെ സമസ്തമേഖലകളിലും കഴിവ് തെളിയിച്ച, ലോകം അംഗീകരിക്കുന്ന ബഹുമുഖപ്രതിഭയാണ് ചാർളി ചാപ്ലിൻ. ചാപ്ലിന്റെ ജീവിതവും സംഭാവനകളും കോർത്തിണക്കി ഒരു **ലഘു ഡോക്യുമെന്ററി തയ്യാറാക്കുക.**

*വെയിലിൽ വെന്ത വേരുകൾ*
*കണ്ണീരിന്റെ നനവ് കാത്തുവയ്ക്കുന്നു;*
*ഇലകളിൽ മധുരം വിളമ്പുന്നു.*

# മധുരക്കിഴങ്ങിന്റെ രുചി

വർഷങ്ങൾക്കു മുമ്പാണ്. ഒരു ദിവസം ഞാൻ ബേഡഡുക്കയിലുള്ള എന്റെ അമ്മയുടെ വീട്ടിൽ ചെന്നതായിരുന്നു. ബസ്സിറങ്ങി കുറച്ചു ദൂരം നടന്ന് ഒരു കയ്യാല കേറി പാറക്കെട്ടുകളും കുറ്റിച്ചെടികളും നിറഞ്ഞ ഇടവഴിയിലൂടെ നടന്ന് കവുങ്ങിൻതോപ്പിലിറങ്ങിയപ്പോഴേക്കും കുറേ ആളുകൾ ധൃതിയിൽ നാട്ടിക്കണ്ടത്തിനു നേരേ ഓടിപ്പോകുന്നതു കണ്ടു. പച്ചക്കറികൾ വളർന്ന് കണ്ണെത്താദൂരത്തോളം പച്ചനിറം വ്യാപിച്ചുകിടക്കുന്ന വയലിലേക്കു നോക്കിയപ്പോൾ അവിടെയും കുറേ ആളുകൾ കൂടിയിട്ടുണ്ട്. എന്തെങ്കിലും അത്യാഹിതം സംഭവിച്ചുകാണും. അല്ലെങ്കിൽ ആളുകൾ ഇങ്ങനെ വെപ്രാളപ്പെട്ട് ഓടിപ്പോകേണ്ട കാര്യമില്ലല്ലോ. കണ്ടത്തിലെ ഈർപ്പം മാറാത്ത മൺകട്ടകൾക്കുമേൽ ഏതെങ്കിലുമൊരു പരിചയക്കാരൻ മരിച്ചുകിടക്കുന്നത് ഞാൻ സങ്കല്പിച്ചു നോക്കി. പക്ഷേ, ഓടിപ്പോകുന്ന ആളുകളുടെ മുഖത്ത് ഒരു ദുരന്തം നടന്നതിന്റെ മ്ലാനതയൊന്നും കാണാനില്ല. പിന്നെ ഒന്നും



ആലോചിച്ചില്ല. ഞാനും അങ്ങോട്ട് വച്ചുപിടിച്ചു. അവിടെ എത്തിയപ്പോൾ കണ്ട കാഴ്ച എന്നെ നിരാശപ്പെടുത്തി. കുറേ പേർ ഇരുന്ന് മധുരക്കിഴങ്ങ് മാന്തിക്കൊണ്ടിരിക്കുകയാണ്. കൂട്ടത്തിൽ രണ്ടു കുട്ടികളുമുണ്ട്.

ഇതു കാണാനാണോ ആളുകൾ ഇങ്ങോട്ട് ഓടിപ്പാഞ്ഞു വന്നത്! നെൽക്കൃഷി കഴിഞ്ഞാൽ ആളുകൾ പച്ചക്കറികളും മധുരക്കിഴങ്ങും മുതിരയും ചെറുപയറുമൊക്കെ കൃഷിചെയ്യും. ഇതിലെന്താണിപ്പോ ഇത്ര അദ്ഭുതം?

"അദ്ഭുതമുണ്ട്," ചെറിയോനേട്ടൻ പറഞ്ഞു.

ഞങ്ങളുടെ നാട്ടിലെ പ്രായം കൂടിയ കൃഷിക്കാരനും കന്നുകാലിചികിത്സകനുമാണദ്ദേഹം.

കാര്യം പിടികിട്ടാതെ ഞാൻ ചെറിയോനേട്ടനെ നോക്കി. ചെറിയോനേട്ടൻ ഞങ്ങളുടെ ഗ്രാമത്തെ അദ്ഭുതത്തിന്റെ പരകോടിയിലെത്തിച്ച, മരണത്തിനുമേൽ ജീവിതത്തിന്റെ വിളവെടുപ്പു നടത്തിയ രണ്ടു പിഞ്ചുകുഞ്ഞുങ്ങളുടെ ആത്മവിശ്വാസത്തിന്റെ കഥ പറഞ്ഞുതുടങ്ങി.

എട്ടുവയസ്സുകാരനായ സുജിത്തും ആറുവയസ്സുകാരിയായ സുനിതയുമാണ് ഇതിലെ മുഖ്യകഥാപാത്രങ്ങൾ. അച്ഛനുമമ്മയുമില്ലാത്ത രണ്ട് അനാഥക്കുട്ടികൾ. അവർക്ക് ഒരു അമ്മയുണ്ടായിരുന്നു. പേര് നാരായണി. ഇവർക്കു പുറമേ രണ്ടു പെൺമക്കൾകൂടി നാരായണിക്കുണ്ട്. രുഗ്മിണിയും രാഗിണിയും. അവർ അമ്മയോട് തങ്ങൾ ആരുടെ മക്കളാണെന്ന് ചോദിച്ചിട്ടില്ല. അവർ അതൊട്ടു പറഞ്ഞിട്ടുമില്ല. രുഗ്മിണിയെയും രാഗിണിയെയും വിവാഹം കഴിച്ച പുരുഷന്മാരും അതു ചോദിച്ചിട്ടില്ല.

നാരായണി കാഴ്ചയിൽ അതിസുന്ദരിയായിരുന്നു. അവർ അടുത്ത വീടുകളിലെ എച്ചിൽപ്പാത്രങ്ങൾ വെണ്ണീറിട്ട് നിരന്തരം കഴുകുകയും പഴങ്കഞ്ഞി കുടിക്കുകയും ബാക്കിവന്ന ആഹാര സാധനങ്ങൾ കിണ്ണത്തിൽ പകർന്ന് വീട്ടിൽ കൊണ്ടുപോയി അമ്മ ചോയിച്ചിക്കും നൂറു കഴിഞ്ഞ അമ്മൂമ്മ കുഞ്ഞമ്മയ്ക്കും മക്കൾക്കും കൊടുക്കുകയും ചെയ്തു.

രാഗിണിയും രുഗ്മിണിയും ഞങ്ങൾ കുട്ടികളോടൊപ്പം കളിച്ചു, കഥ പറഞ്ഞു. സ്കൂളിൽ പോയി, ഒന്നിച്ചിരുന്ന് പഠിച്ചു. ഏഴാം ക്ലാസിൽ എത്തിയപ്പോഴേക്കും രാഗിണിയും അത് കഴിഞ്ഞ് രുഗ്മിണിയും പഠനം നിർത്തി തുന്നലിനും ബീഡിപ്പണിക്കുമൊക്കെ പോയിത്തുടങ്ങി. രണ്ടുപേരെയും കാണാൻ ചന്തമുള്ളതുകൊണ്ട് ആലോചനയുമായി ആദ്യം വന്ന പയ്യന്മാർക്കുതന്നെ നാരായണി രണ്ടുപേരെയും കെട്ടിച്ചുകൊടുത്തു. അവരുടെ കല്യാണത്തിന് പണവും പച്ചക്കറികളും അരിയും പൈസയുമായി, കഴിയുന്ന വിധത്തിലൊക്കെ നാട്ടുകാർ സഹായിച്ചു.

രണ്ടുമക്കളും പോയപ്പോഴാണ് നാരായണിക്ക് ഒരു ആലോചന വന്നത്. ആദ്യം വേണ്ട എന്നൊക്കെ പറഞ്ഞ് നാരായണി പിടിച്ചുനിൽക്കാൻ നോക്കി. "ചോയിച്ചീം കുഞ്ഞമ്മേം ചത്തുപോയാൽ നീ ഒറ്റക്കാവുല്ലേ? രണ്ടു പെൺമക്കളെയും മംഗലം കഴിച്ച് കൊടുത്തില്ലേ? ഇനി നിനക്കൊരു ജീവിതം ബേണ്ടേ നാരായണീ?" ചിലർ പറയുന്നത് ശരിയാണെന്ന് നാരായണിക്ക് തോന്നി.

ഒരുദിവസം നാരായണിയെ കുറച്ചകലെനിന്നു വന്ന ഒരാൾ കല്യാണം കഴിച്ചുകൊണ്ടുപോയി. ഒരു അറുപതുകാരനാണ്. പക്ഷേ, നല്ല സ്വഭാവഗുണമുള്ള മനുഷ്യനാണ്. പ്രഗത്ഭനായ ആശാരി. കാഴ്ചയിൽ പക്ഷേ, വളരെ ദുർബലൻ. ഇതിനകം ജീവിതത്തിലുണ്ടായ മൂന്ന് മരണങ്ങൾ അയാളെ വല്ലാതെ തളർത്തിക്കളഞ്ഞിരുന്നു. തന്റെ സൗന്ദര്യവുമായി ചേർത്തുവയ്ക്കാൻ പറ്റില്ലെങ്കിലും ആ മനുഷ്യന്റെ കൂടെ നാരായണി പോയി.

അയാളിൽ നാരായണിക്ക് രണ്ടു മക്കളുണ്ടായി. ആ കുഞ്ഞുങ്ങളാണ് ഈ കഥയിലെ കഥാപാത്രങ്ങളായ സുജിത്തും സുനിതയും.

സുജിത്തിന് ആറുവയസ്സായപ്പോൾ നാരായണിക്ക് അജ്ഞാതമായ ഏതോ രോഗം പിടിപെട്ടു. നാലാമത്തെ മരണത്തിനു സാക്ഷിയാകേണ്ടിവരുമോ എന്ന ഭയവും കുറ്റബോധവും ആശാരിയെ പിടികൂടി. വൈകാതെ നാരായണി മരിച്ചു.

സുജിത്തും സുനിതയും അനാഥരായി. അവർ അമ്മൂമ്മയുടെ വീട്ടിലെത്തി. അതിനകം, മുതുമുത്തശ്ശിയായ കുഞ്ഞമ്മ മരിച്ചുപോയിരുന്നു. പറക്കമുറ്റാത്ത പേരക്കുട്ടികളെ പോറ്റാൻ എഴുപത്തഞ്ചുകാരിയായ ചോയിച്ചി അടുത്ത വീട്ടിലെ പാത്രങ്ങൾ കഴുകി. പുളിച്ച കഞ്ഞിയും പഴകിയതും ഒരിക്കലും പാകമാകാത്തതുമായ ഉടുപ്പുകളുമായി തിരിച്ച് കൂരയിലെത്തി.

പാകത്തിനനുസരിച്ച് സുജിത്ത് മിഡിയും സുനിത ആൺകുട്ടികളുടെ ട്രൗസറുമിട്ടു. ചെറിയോനേട്ടൻ കാണുന്നതിനു മുമ്പ് അതുങ്ങളെ ഒരുദിവസം ഞാൻ കണ്ടിട്ടുണ്ട്. മുടിവെട്ടാൻ കാശില്ലാതെ  പെൺകുട്ടികളെപ്പോലെ നടക്കുന്ന സുജിത്തിന് ദാനം കിട്ടുന്ന വസ്ത്രങ്ങൾ ലിംഗഭേദമില്ലാതെ യഥേഷ്ടം ഉപയോഗിക്കാൻ ആ രൂപം വളരെയേറെ സഹായിച്ചു.

"എന്റെ കുഞ്ഞുങ്ങൾക്ക് ഒരു കൈക്കോട്ട് പിടിക്കാനുള്ള ശേഷി കിട്ടുംവരെ എന്നെ മടക്കി ബിളിക്കല്ലേ ദൈവമേ" എന്ന് ചോയിച്ചി നിരന്തരം പ്രാർഥിച്ചുകൊണ്ടിരുന്നു. ഇത്തിരി മണ്ണുണ്ട്. അതിൽ കപ്പയിട്ടെങ്കിലും അവറ്റകൾ ജീവിച്ചോളും.

പക്ഷേ, ദൈവം ചോയിച്ചിയുടെ വിളി കേട്ടില്ല. പ്രാർഥനകൊണ്ട് മറികടക്കാൻ പറ്റുന്നതിനേക്കാൾ അവരുടെ ശരീരം ക്ഷീണിച്ചുപോയിരുന്നു.



മരണത്തിന്റെ ആഘാതത്തിൽപ്പെട്ട് കണ്ണീരുപോലും പുറത്തുവരാത്തവണ്ണം ആ കുട്ടികൾ മരവിച്ചുപോയി.

ഇപ്പോ വീഴുമെന്നു തോന്നുന്ന ഓലപ്പുരയും അഞ്ചുസെന്റ് മണ്ണും മാത്രം. ആശാരിയുടെ സ്വത്തൊക്കെ മറ്റു മൂന്നു ബന്ധത്തിലുണ്ടായിരുന്ന മക്കൾ പകുത്തെടുത്തു. ഈ കുഞ്ഞുങ്ങൾ എങ്ങനെ ജീവിക്കും. ഗ്രാമം മൂക്കത്ത് വിരൽ വച്ചു. പതുക്കെ ആ കുഞ്ഞുങ്ങളെ എല്ലാവരും മറന്നു. ഭക്ഷണവുമായി ഇനിയൊരിക്കലും അമ്മൂമ്മ വരില്ലെന്നു മനസ്സിലായപ്പോൾ എട്ടുവയസ്സുകാരനായ സുജിത്ത് മെല്ലെ പുറത്തിറങ്ങി. കുറച്ചു ദിവസം അയൽക്കാരൊക്കെ എന്തെങ്കിലും കഴിക്കാൻ കൊടുത്തു. അവൻ അനുജത്തിയെ തോട്ടിൽ കൊണ്ടുപോയി. തണുത്ത വെള്ളത്തിലിരുത്തി കുളിപ്പിച്ചു. തലമുടി തോർത്തിക്കൊടുത്തു. മഴ പെയ്തപ്പോൾ തന്റെ പുതപ്പ് അവൾക്കു കൊടുത്തു. ഇടിവെട്ടിയപ്പോൾ അവൻ പേടിച്ചില്ല. സന്തോഷിച്ചു. ഇടിവെട്ടിയാൽ കൂണുകൾ മുളയ്ക്കുമെന്ന് ചോയിച്ചി പറഞ്ഞുകൊടുത്തിരുന്നു. കുമിളുകൾ മുളച്ചാൽ പിറ്റേന്നു കാലത്ത് അതൊക്കെ നുള്ളിയെടുത്തു കൊണ്ടുവന്ന് പുഴുങ്ങിക്കഴിക്കാമല്ലോ.

മരണത്തെയും അനാഥത്വത്തെയും ആ കുട്ടികൾ മെല്ലെമെല്ലെ അതിജീവിക്കുന്നത് ഗ്രാമം കോരിത്തരിപ്പോടെ നോക്കിനിന്നു. സുജിത്ത് തവര പൊട്ടിച്ചുകൊണ്ടുവന്ന് ഉപ്പിട്ട് മൂന്നുനേരവും കഴിച്ചു. ചോയിച്ചി ആഗ്രഹിച്ചിരുന്നതുപോലെ ഒരുദിവസം അവന് ചായ്പിൽ വച്ച തൂമ്പ എടുത്തുയർത്താൻ പറ്റി.

അപ്പോഴേക്കും വയലുകൾ കൊയ്ത്തു കഴിഞ്ഞുനിൽക്കുന്ന സമയമായിരുന്നു. ആളുകൾ പച്ചക്കറിയും മധുരക്കിഴങ്ങും നടാനുള്ള ഒരുക്കത്തിലാണ്. കുറച്ചു കാശു കൊടുത്ത് നാലഞ്ചുമാസത്തേക്ക് വയൽ പാട്ടത്തിനെടുത്തിട്ടാണ് ആളുകൾ കൃഷിയിറക്കുക.

സുജിത്തും സുനിതയും വയൽവരമ്പിലിരുന്ന് നിരാശരായി. കുറച്ചു മധുരക്കിഴങ്ങ് നട്ടാൽ കൊള്ളാമെന്നുണ്ട്. പക്ഷേ, വയൽ പാട്ടത്തിനെടുക്കാൻ കാശെവിടെ?

അങ്ങനെയാണവർ ചെറിയോനേട്ടനെ കാണുന്നത്. വെറുതേ ചോദിച്ചതാണ്: "ഞങ്ങൾക്ക് തിന്നാനൊന്നുല്ല. നിങ്ങളെ കണ്ടത്തില് ഞാൻ കൊറച്ച് കേങ്ങ് നട്ടോട്ടെ," സുജിത്ത് ചോദിച്ചു.

ചെറിയോനേട്ടൻ ചിരിച്ചു: "ഒരു കൈക്കോട്ട് പൊന്തിക്കാൻ കൈയാത്ത നീയോ?"

"എനിക്ക് പൊന്തിക്കാൻ പറ്റും."

അവൻ അവിടെയിരുന്ന കൈക്കോട്ടെടുത്ത് പൊക്കിക്കാണിച്ചു. ചെറിയോനേട്ടന് സങ്കടം വന്നു: "ആ കണ്ടം നീയെടുത്തോടാ."

ചെറിയോനേട്ടൻ കുറേ വയൽക്കഷണങ്ങൾക്കിടയിൽനിന്നും തന്റെ മണ്ണിലേക്കു വിരൽചൂണ്ടി. സുജിത്തിനും സഹോദരിക്കും സന്തോഷത്തിനതിരില്ലായിരുന്നു. കാലത്തു മുതൽ അസ്തമിക്കും വരെ അവർ രണ്ടുപേരും ചെറിയ തൂമ്പയും കൈക്കോട്ടുമായി കഴിച്ചുകൂട്ടി. ദിവസങ്ങൾക്കുള്ളിൽ അവർ, വയൽ കിഴങ്ങ് നടാൻ പാകത്തിൽ ഒരുക്കിയെടുത്തു. മറ്റുള്ളവർ ഉപേക്ഷിച്ച കിഴങ്ങുവള്ളികൾ മുറിച്ച് ചാലുകീറി നട്ടു. പഴയ രണ്ട് മൺകുടങ്ങൾ ചെറിയോനേട്ടൻ അവർക്കു നൽകി. ഒരുറുമ്പ് അരിമണി കൊണ്ടുപോകുംപോലെ പ്രയാസപ്പെട്ട് അവർ തോട്ടിൽനിന്ന് കുടം അതിസാഹസികമായി മുക്കിയെടുക്കുന്നതും കിഴങ്ങുവള്ളികൾ നനയ്ക്കുന്നതും നാട്ടുകാർ അമ്പരപ്പോടെ നോക്കി.

മറ്റുള്ളവരെപ്പോലെ ഈ കുട്ടിക്കൃഷിക്കാരുടെ കിഴങ്ങുവള്ളിയും തളിർത്തു. രാത്രി സഹോദരിയെ ചേർത്തുപിടിച്ച് സുജിത്ത് തന്റെ സ്വപ്നം പറഞ്ഞു: "കിട്ടുന്ന കേങ്ങിൽനിന്നും നമുക്ക് കൊറച്ചെടുത്ത് പുഴുങ്ങി ഉണക്കാം. അടുത്ത

കൊല്ലം തിന്നാലോ... തവര തിന്നുതിന്ന് എനിക്ക് മതിയായി."

അവൾ ചിരിച്ചു: "ആദ്യം കേങ്ങ്ണ്ടാവട്ടെ". കിഴങ്ങുവള്ളികൾ തളിർക്കുന്നതും പാമ്പിനെപ്പോലെ തടത്തിൽനിന്ന് അതിഴഞ്ഞുപോകുന്നതും അതിന്റെ വേരുകൾ വയലറ്റ് ബലൂൺപോലെ വീർത്തു പാകമാകുന്നതും ഓർത്തപ്പോൾ സുജിത്തിന് കണ്ണിൽ വെള്ളം നിറഞ്ഞു.

"എന്താ കരേന്നേ", സുനിത ചോദിച്ചു.

"ഞാൻ അമ്മൂമ്മേന വിചാരിച്ചുപോയി" അവൻ പറഞ്ഞു.

മാസങ്ങൾ കഴിഞ്ഞു. വയലിൽ നിറയെ കിഴങ്ങുവള്ളികളുടെ വയലറ്റുനിറം പരന്നു. ഇനി വിളവെടുപ്പിന് ഏതാനും മാസങ്ങളേയുള്ളൂ. അതുവരെ കൃഷിക്കാർ കൊടുത്ത ആഹാരത്തിനു പകരമായി വള്ളികൾ തങ്ങളുടെ വേരുകളിൽ നന്ദി നിറച്ചുവയ്ക്കുന്ന സമയമാണ്. ഒരു കിഴങ്ങ് തൊലിപൊളിച്ചു കടിക്കുമ്പോൾ അതിന്റെ പാൽനീരിൽനിന്നും നാവിലേക്കിറങ്ങുന്ന മധുരത്തെക്കുറിച്ചോർത്തപ്പോൾ സുനിതയുടെ വായിൽ വെള്ളമൂറി.

പക്ഷേ, പെട്ടെന്നൊരു ദിവസം കിഴങ്ങുവള്ളികളിൽ മഞ്ഞനിറം വ്യാപിച്ചു. ചെടികൾ കരിഞ്ഞുതുടങ്ങി... കണ്ണെത്താദൂരത്തോളം വയൽ മുഴുവൻ മരണത്തിന്റെ മഞ്ഞനിറം വ്യാപിക്കുന്നതു കണ്ട് കൃഷിക്കാർ നെഞ്ചത്ത് കൈവച്ചു. ഇത്രയും നാളത്തെ അധ്വാനം വെറുതെയായി. പല പ്രതിമരുന്നുകളും തളിച്ചുനോക്കി. രക്ഷയില്ല.

ഈ രോഗം വന്നാൽ വേരുകൾ വലുതായി കിഴങ്ങുകൾ ഉണ്ടാവില്ല. ഇത്തവണത്തെ കൃഷിയിൽ ഭീമമായ നഷ്ടമുണ്ടാകുമെന്ന് പരിചയസമ്പന്നരായ കർഷകർ വിധിയെഴുതി. അവർ വെള്ളമൊഴിപ്പും വളംചേർക്കലും നിർത്തി. സുനിതയ്ക്കും സുജിത്തിനും ഒന്നും മനസ്സിലായില്ല. അവർ എന്നും കാലത്ത് കണ്ടത്തിലിറങ്ങി ചെടികളെ നനച്ചുകൊണ്ടിരുന്നു. കുട്ടികളുടെ മണ്ടത്തരമോർത്ത് മറ്റു കൃഷിക്കാർ ചിരിച്ചു. തങ്ങളുടെ വിശപ്പിനപ്പുറം മറ്റൊന്നും അവർക്ക് ആലോചിക്കാൻ സമയമുണ്ടായിരുന്നില്ല. വിളവെടുപ്പു വന്നു. നിരാശരായി തൂമ്പയുമായി ആളുകൾ വയലിലേക്കിറങ്ങി മാന്താൻ തുടങ്ങി.

നീണ്ട് പാതിവഴിയിൽവച്ച് വളർച്ച മുരടിച്ചുപോയ വേരുകൾ വലിച്ചെടുത്ത് പ്രാകിക്കൊണ്ട് ഓരോരുത്തരായി വലിച്ചെറിഞ്ഞു. ചിലർ കൃഷിചെയ്ത വയലുകൾ അങ്ങനെതന്നെ ഉപേക്ഷിച്ചു. എല്ലാവരും പോയപ്പോൾ സുനിതയും സുജിത്തും വയലിലേക്കിറങ്ങി. തൂമ്പകൊണ്ട് മണ്ണുനീക്കിയതും ചുവന്ന ശംഖുപോലെ മണ്ണിൽ കമിഴ്ന്നുകിടക്കുന്ന കൂറ്റൻ കിഴങ്ങുകൾ! അവർക്ക് അതിലൊന്നും അതിശയം തോന്നിയില്ല. അവർ നഷ്ടങ്ങളെപ്പറ്റി ആ നിമിഷംവരെ ആലോചിക്കുകയോ ആകുലപ്പെടുകയോ ചെയ്തിട്ടില്ല. ഈ സംഭവം ഗ്രാമത്തിൽ പെട്ടെന്ന് വാർത്തയായി. അദ്ഭുതം കാണാൻ നാട്ടുകാർ ഓടിക്കൂടി. ആ വിളവെടുപ്പിൽ അവരും ചേർന്നു. കിഴങ്ങുകൾ നിറയ്ക്കാൻ ചാക്കില്ലാതെ ആളുകൾ മറ്റു വീടുകൾ അന്വേഷിച്ചു പോയി.

ഈ സമയത്താണ് എന്റെ വരവ്. ഞാൻ നോക്കി, മധുരക്കിഴങ്ങുചാക്കുകൾക്കിടയിൽ രണ്ട് കുഞ്ഞുകിഴങ്ങുകളെപ്പോലെ സുജിത്തും സുനിതയും. അവരുടെ ആത്മവിശ്വാസത്തിൽ നിന്ന് വെള്ളവും വളവും വലിച്ചെടുത്തു വളർന്ന ആ കിഴങ്ങുകളിലൊരെണ്ണം കടിച്ച് ഒരു ജന്മം മുഴുവൻ മധുരിച്ചുകൊണ്ട് ഞാൻ തിരിഞ്ഞു നടന്നു.

**പകൽസ്വപ്നത്തിൽ**
**വെയിലുകായാൻ വന്ന ഒരു നരി**
**[സന്തോഷ് ഏച്ചിക്കാനം]**

ചെറിയോനേട്ടൻ ചിരിച്ചു: "ഒരു കൈക്കോട്ട് പൊന്തിക്കാൻ കൈയാത്ത നീയോ?"
"എനിക്ക് പൊന്തിക്കാൻ പറ്റും."
അവൻ അവിടെയിരുന്ന കൈക്കോട്ടെടുത്ത് പൊക്കിക്കാണിച്ചു.
ചെറിയോനേട്ടന് സങ്കടം വന്നു. "ആ കണ്ടം നീയെടുത്തോടാ."

ചെറിയോനേട്ടൻ ഈ രചനയിലെ ശക്തമായൊരു സാന്നിധ്യമായിത്തീരുന്നതെങ്ങനെ? കഥാസന്ദർഭങ്ങൾ വിശകലനം **ചെയ്യുക.**

- "ഒരുറുമ്പ് അരിമണി കൊണ്ടുപോകുംപോലെ പ്രയാസപ്പെട്ട് അവർ തോട്ടിൽനിന്ന് കുടം അതിസാഹസികമായി മുക്കിയെടുക്കുന്നതും കിഴങ്ങുവള്ളികൾ നനയ്ക്കുന്നതും നാട്ടുകാർ അമ്പരപ്പോടെ നോക്കി."
- "മധുരക്കിഴങ്ങുചാക്കുകൾക്കിടയിൽ രണ്ട് കുഞ്ഞുകിഴങ്ങുകളെപ്പോലെ സുജിത്തും സുനിതയും."

ഇത്തരം പ്രയോഗങ്ങളാണ് ഈ അനുഭവക്കുറിപ്പിനെ ഭാവാത്മകമാക്കുന്നത്. പാഠഭാഗത്തുനിന്ന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി **കുറിപ്പ് തയ്യാറാക്കുക.**

"അവരുടെ ആത്മവിശ്വാസത്തിൽനിന്ന് വെള്ളവും വളവും വലിച്ചെടുത്തു വളർന്ന ആ കിഴങ്ങുകളിലൊരെണ്ണം കടിച്ച് ഒരു ജന്മം മുഴുവൻ മധുരിച്ചുകൊണ്ട് ഞാൻ തിരിഞ്ഞു നടന്നു."

അനുഭവക്കുറിപ്പിൽ മധുരക്കിഴങ്ങ് ഒരു പ്രധാന പ്രതീകമാകുന്നുണ്ടോ? നിങ്ങളുടെ **അഭിപ്രായം സമർഥിക്കുക.**

പ്രതിസന്ധികൾ മറികടന്ന് സമൂഹത്തിനു മുന്നിൽ പുതിയ മാതൃക സൃഷ്ടിച്ച ധാരാളം വ്യക്തികൾ നമുക്ക് ചുറ്റിലുമുണ്ടല്ലോ. ജീവിതവിജയം നേടിയ അത്തരം വ്യക്തികളെ പരിചയപ്പെടുത്തുന്നതിനായി അവരുടെ വിജയഗാഥകൾ സമാഹരിച്ച് **പതിപ്പ് തയ്യാറാക്കുക.**

അ, ദേഹം - അദ്ദേഹം
വളരെ, ഏറെ - വളരെയേറെ
പകുത്ത്, എടുത്തു - പകുത്തെടുത്തു
പദങ്ങൾ ചേർത്ത് എഴുതിയപ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് സംഭവിച്ചത്?
പദച്ചേർച്ചകളുടെ കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി **വിശകലനം ചെയ്യുക.**

## പദപരിചയം

| | | |
|---|---|---|
| അങ്കണം | - | മുറ്റം |
| അത്യാഹിതം | - | അപകടം |
| അനാഥത്വം | - | നാഥനില്ലാത്ത അവസ്ഥ |
| ഇറമ്പിൽ | - | അരികിൽ |
| ഇറയം | - | പൂമുഖത്തെ ഉയർന്ന തളം |
| ഈർപ്പം | - | നനവ് |
| ഈർഷ്യ | - | കോപം |
| ഉമ്മറം | - | വീടിന്റെ മുൻഭാഗം, വരാന്ത |
| കയ്യാല | - | പുരയിടത്തിന്റെ അതിരിലുള്ള വേലി, മതിൽ |
| കൈവഴി | - | നദിയുടെ ശാഖ |
| കൊഞ്ഞനം കുത്തുക | - | കളിയാക്കുക (കളിയാക്കുന്ന രീതിയിൽ മുഖം വക്രിപ്പിക്കുക) |
| ജപ്തി | - | കണ്ടുകെട്ടൽ |
| തസ്തിക | - | സർക്കാരിന്റെ വകുപ്പുകളിലും മറ്റും ചുമതലകൾ നിർവഹിക്കുന്നതിനായി ഏർപ്പെടുത്തുന്ന ഔദ്യോഗിക സ്ഥാനം |
| ത്രസിപ്പ് | - | തുടിപ്പ് |
| ദീനഭാവം | - | ദുഃഖഭാവം |
| ഭാസുരം | - | ശോഭയുള്ള |
| ഭൂതി | - | ഐശ്വര്യം |
| മടിശ്ശീല | - | പണസഞ്ചി, ഉടുവസ്ത്രത്തിന്റെ മുകളറ്റം |
| മുനിഞ്ഞിരിക്കുക | - | മിണ്ടാതെയിരിക്കുക |
| മെഴുക്ക് | - | എണ്ണമയം |
| മ്ലാനത | - | ക്ഷീണം |

| | | |
|---|---|---|
| വർണ്ണശബളം | - | നിറപ്പകിട്ടാർന്നത് |
| വാസരം | - | പകൽ |
| വിഭാര്യൻ | - | ഭാര്യയില്ലാത്തവൻ |
| വിവേചനം | - | വേർതിരിവ്, വേർതിരിച്ചറിയൽ |
| വിഷണ്ണനായി | - | ദുഃഖിതനായി |
| വെടിപ്പായ | - | വൃത്തിയുള്ള |
| വെണ്ണീർ | - | ചാരം |
| വ്യതിയാനം | - | മാറ്റം |
| സനാതനം | - | നിത്യമായ |
| ഹുണ്ടികപ്പിരിവ് | - | കച്ചവടക്കാരുടെ സൗകര്യത്തിനുവേണ്ടി വച്ചുമാറ്റസമ്പ്രദായത്തിൽ പണം കൊടുക്കുകയും വാങ്ങുകയും ചെയ്യൽ. |

# കുറിപ്പുകൾ

# കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***